# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## മീനച്ചിൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി7-1207/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 27/09/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മീനച്ചിൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി7-1207/2025 തീയ്യതി: 27/09/2025

# കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 30-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.) | 07-07-2025 | 14-07-2025 |
| ശ്രീമതി. ബീനാകുമാരി സി ആർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 15-07-2025 | 17-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-07-2025 | 17-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ
കൃഷ്ണപ്രിയ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
നിധിൻകുമാർ പി വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാജോ പൂവത്താനി | പ്രസിഡന്റ് | 01-04-2024 | 01-12-2024 |
| ശ്രീ. പുന്നൂസ് പോൾ | പ്രസിഡന്റ് | 02-12-2024 | 31-03-2025 |
| ശ്രീമതി. പൗളിൻ ജോസഫ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 28-04-2024 |
| ശ്രീ. ബിജോ പി ജോസഫ് | സെക്രട്ടറി | 29-04-2024 | 06-10-2024 |
| ശ്രീമതി. സീന പി ആർ | സെക്രട്ടറി | 07-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പൗളിൻ ജോസഫ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി. ഹരിലക്ഷ്മി എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 31-03-2025 |
| ശ്രീ. അഖിൽ കെ രാജു | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. സുധീർ പി എസ് | വെറ്റിനറി സർജൻ | 01-04-2024 | 31-08-2024 |
| ഡോ. മിന്നു ജെയിംസ് | വെറ്റിനറി സർജൻ | 01-09-2024 | 31-03-2025 |
| ഡോ. ജോസ്ളി ഡാനിയേൽ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | 01-04-2024 | 31-03-2025 |
| ഡോ. ഹഫ്സാ മുഹമ്മദ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ. ആൻറണി ജോസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 26-03-2025 |
| ഡോ. അരുൺകുമാർ വി പി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 27-03-2025 | 31-03-2025 |
| ശ്രീമതി .അഞ്ജു ട്രീസ ജോയി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 01-08-2024 |
| ശ്രീമതി. മരിയാ മാത്യു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02-08-2024 | 31-03-2025 |
| ശ്രീമതി. രവീണ രവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി. സുഷ ഹരി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഇടമറ്റം സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ. സതീഷ് കെ കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പൂവരണി സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ. ഷിബുമോൻ ജോർജ് | ഹെഡ്മാസ്റ്റർ, യു.പി. സ്കൂൾ, പൂവരണി | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25 | 1-1 |
| 3 | മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | 31/03/2025 വരെയുള്ള ചെലവുകൾ 2024-25 വർഷം Payable ആയി അക്കൗണ്ട് ചെയ്തില്ല | 1-1-4 |
| 6 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല | 1-1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-8 |
| 10 | നീക്കിയിരിപ്പില്ലാത്ത തുക ബാദ്ധ്യതയായി അക്കൗണ്ട് ചെയ്തിരിക്കുന്നു | 1-1-9 |
| 11 | റിഡംപ്ഷൻ തുക ക്രമീകരിച്ചിട്ടില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | വാർഷികപദ്ധതി അവലോകനം | 1-5 |
| 16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 17 | സാമൂഹ്യ സുരക്ഷ പദ്ധതികൾ | 1-7 |
| 18 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | ക്യാഷ് ബുക്ക് നീക്കിയിരിപ്പിൽ വ്യത്യാസം -അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ് | 1-11 |
| 22 | ചെലവഴിക്കാത്ത ഗ്രാന്റ് - നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതാണ് | 1-12 |
| 23 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു | 1-13 |
| 24 | വസ്തു നികുതി- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല | 1-14-1 |
| 25 | കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത-നികുതി നഷ്ടം | 1-14 |
| 26 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണയിച്ചു | 1-15 |
| 27 | തൊഴിൽ നികുതി -ചുമത്തുന്നതിലും ഈടാക്കുന്നതിലുമുള്ള അപാകതകൾ. | 1-16 |
| 28 | വാടകകുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു | 1-17 |
| 29 | വിവിധ ആസ്തികളുടെ ലേലം - തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-18 |
| 30 | ഓഡിറ്റ് ഇംപാക്ട് - പെർമിറ്റ് ഫീസ് റീഫണ്ട്- അധികം തുക അനുവദിച്ചത് തിരിച്ചടച്ചു. | 1-19 |
| 31 | മിനിമാസ്റ്റ് ലൈറ്റുകളുടെ സ്ഥാപനം - നടപടിക്രമങ്ങളിൽ അപാകത | 1-20 |
| 32 | ഗ്രാമവണ്ടി - നടത്തിപ്പിന് മറ്റ് സാമ്പത്തിക സ്രോതസ്സുകൾക്കുള്ള സാദ്ധ്യത തേടിയില്ല. | 1-21 |
| 33 | ഗ്രാമപഞ്ചായത്ത് ആസ്തിയുടെ മെയിന്റനൻസിന് റോഡിതരമെയിന്റനൻസ് ഗ്രാന്റ് വിനിയോഗം - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധം | 1-22 |
| 34 | തെരുവുവിളക്കുകളുടെ പുനരുദ്ധാരണം- നടപടിക്രമങ്ങളിൽ അപാകത | 1-23 |
| 35 | പാടശേഖരങ്ങളിലെ കൈത്തോട് ശുചീകരണം പദ്ധതി- അപാകതകൾ | 1-24 |
| 36 | മുട്ടിയാനിക്കുന്ന് കുടിവെള്ള പദ്ധതി മെയിന്റനൻസ്- അപാകതകൾ | 1-25 |
| 37 | കുടിവെള്ള പദ്ധതികൾ - പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | 1-26 |
| 38 | പഞ്ചായത്ത് റോഡുകൾക്ക് നെയിംബോർഡ് സ്ഥാപിക്കൽ പദ്ധതി- ബോർഡുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല | 1-27 |
| 39 | മരാമത്ത് പ്രവൃത്തികളിൽ കൂലി ഇനത്തിൽ തുക അനുവദിച്ചു - വിശദീകരണം ലഭ്യമാക്കിയില്ല. | 1-28 |
| 40 | എഫ്. എച്ച് സി കിഴപറയാർ- ദ്രവ്യ മാലിന്യ പരിപാലനം പ്രോജക്ട്- അപാകതകൾ | 1-29 |
| 41 | കരാർ പ്രവൃത്തികളിൽ - ഇൻഷുറൻസ് എടുക്കുന്നില്ല | 1-30 |
| 42 | കരാർ പ്രവൃത്തികളുടെ പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയതിലെ അപാകതകൾ | 1-31 |
| 43 | ഇ- ടെണ്ടർ ഫീസ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-32 |
| 44 | ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു | 1-33 |
| 45 | വീട് വാസയോഗ്യമാക്കൽ - വാല്യുവേഷനിൽ അധികരിച്ച് തുക നൽകിയിരിക്കുന്നു | 1-34 |
| 46 | ഭക്ഷണകിറ്റ് നൽകൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-35 |
| 47 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 1-36 |
| 48 | ജൽജീവൻ മിഷൻ പദ്ധതി -അവലോകനം | 1-37 |
| 49 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പാടശേഖരങ്ങളിലെ കൈത്തോട് ശുചീകരണം പദ്ധതി- അപാകതകൾ | 3-1 |

| | | |
|---|---|---|
| 2 | മുട്ടിയാനിക്കുന്ന് കുടിവെള്ള പദ്ധതി മെയിന്റനൻസ്- അപാകതകൾ | 3-2 |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം -ഈടാക്കൽ,ഒടുക്ക് വിശദാംശങ്ങൾ. | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1-1 ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

31/03/2025 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) ഡാറ്റാ സൂക്ഷിച്ചിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-78 പ്രകാരമുള്ള പഞ്ചായത്ത് ജനറൽ ഫണ്ട് മൂല്യം വ്യക്തമാക്കുന്ന രേഖകളും 31/03/2025 വരെയുള്ള ആകെ ജനറൽ ഫണ്ട് കണക്കാക്കിയതിന്റെ വിശദാംശവും (Calculation Sheet) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25

1. മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 20.05.2025-ലെ 1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 10.06.2025- ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രിക 31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

| | |
|---|---|
| തീയതി -27-09-2025 | ഡെപ്യൂട്ടി ഡയറക്ടർ |

### 1-1-2 മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല

മൂലധന വർദ്ധനവ് (Capital Contribution) ശീർഷകത്തിലെ 5.76 കോടി രൂപ മൂല്യത്തിന്റെ മുന്നിരിപ്പിന്റെ വിശദാംശം ലഭ്യമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)(ബി) പ്രകാരം ഓരോ വർഷവും സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന ഗ്രാന്റ് ചെലവു മൂല്യം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ മുന്നിരിപ്പ് വിശദാംശം ഓരോ വർഷത്തേതും ഫണ്ട് തിരിച്ച് രജിസ്റ്ററിൽ ചേർക്കേണ്ടതും 31/03/2025 വരെയുള്ള വിശദാംശം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01/04/2024 ൽ മുന്നിരിപ്പായുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖലകളിലായുള്ള 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

പഞ്ചായത്തിന്റെ ആസ്തിവിവരങ്ങൾ എല്ലാം ക്രോഡീകരിച്ച ആസ്തി ഡേറ്റാബേസും (Asset Register/Database) വിവിധ നിർമ്മിതികളുടെയും സ്ഥാപനങ്ങളുടെയും റോഡുകളുടെയും സ്ഥാനം രേഖപ്പെടുത്തിയ റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കി 31/03/2025 വരെയുള്ള ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-1-4 31/03/2025 വരെയുള്ള ചെലവുകൾ 2024-25 വർഷം Payable ആയി അക്കൗണ്ട് ചെയ്തില്ല**

ജനപ്രതിനിധികളുടെ മാർച്ച്-2025 ലെ ഹോണറേറിയം, 31/03/2025 വരെയുള്ള കണ്ടിജന്റ് ചെലവുകൾ (ഉദാ: ഇലക്ട്രിസിറ്റി-വാട്ടർ ചാർജുകൾ) എന്നിവ 2024-25 ൽ Payable ആയി ക്രമീകരിച്ച് അക്കൗണ്ട് ചെയ്തില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം സാമ്പത്തിക വർഷ കാലയളവിലെ ചെലവുകൾ എല്ലാ വർഷാവസാനവും Payable ആയി ക്രമീകരിക്കേണ്ടതായിരുന്നു. തുടർവർഷം മുതൽ സാമ്പത്തിക വർഷാവസാനം വരെയുള്ള ചെലവുകൾ Payable ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്.

**1-1-5 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിവിധ റിക്കവറികൾ ഒടുക്കാനുള്ളവയുടെ വിശദാശംവും ഇനം, ലഭിച്ച കാലയളവ് എന്നിവയും ലഭ്യമല്ല. രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-1-6 ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല**

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ബി 5 – Secured Loans, ബി 16 – Prepaid Expenses എന്നീ ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

**1-1-7 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല**

മരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് ബിൽ നൽകുമ്പോൾ ചെലവ് തുക Capital Work In Progress ആയി അക്കൗണ്ട് ചെയ്യുന്നതിനും അന്തിമ ബില്ലുകളുടെ ക്രമീകരണം നിരീക്ഷിക്കുന്നതിനും ബന്ധപ്പെട്ട Capital Work In Progress രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഈയിനത്തിലുള്ള 1.8 ലക്ഷം മൂല്യത്തിന്റെ 31-03-2025 ലെ നീക്കിയിരിപ്പ് വിശദാംശം ലഭ്യമല്ല.

**1-1-8 തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല**

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. RP 30 ഷെഡ്യൂൾ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവിനുള്ള വരവ് 1330604/- രൂപയാണ്. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം 1325502/- രൂപയാണ്. തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ചെലവ് I-6 പ്രകാരം 18300543 രൂപയാണ്. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം ആകെ ചെലവ് 19279243 രൂപയാണ്. വരവ് ചെലവ് കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്ത് അപാകത പരിഹരിക്കേണ്ടതാണ്.

**1-1-9 നീക്കിയിരിപ്പില്ലാത്ത തുക ബാദ്ധ്യതയായി അക്കൗണ്ട് ചെയ്തിരിക്കുന്നു**

സംയുക്ത പ്രോജക്ടുകൾക്കുള്ള അക്കൗണ്ടിൽ RP 40(B) ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പില്ല. എന്നാൽ B-4 ഷെഡ്യൂളിൽ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച 677437 രൂപ ചെലവഴിക്കാതെ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

**1-1-10 റിഡംപ്ഷൻ തുക ക്രമീകരിച്ചിട്ടില്ല**

ജില്ലാ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് സംയുക്ത പദ്ധതിക്കായി വരവ് വന്നതിൽ ചെലവഴിക്കാതെ അവശേഷിക്കുകയും 2021-22 വർഷം റിഡംപ്ഷനായി സർക്കാർ പിടിക്കുകയും ചെയ്ത 83669/- രൂപ ലഭ്യമാകാനുള്ള തുകയായി വാർഷിക ധനകാര്യപത്രികയുടെ B-15 ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. തിരികെ ലഭ്യമാകാത്ത മേൽ തുക ക്രമീകരിക്കേണ്ടതാണ്.

**1-2 ബജറ്റ്**

2024-25 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 12.02.2024 -ലെ 3(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 19.03.2025 -ലെ 1(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 7301861.27 | 7301861.27 |
| വരവ് | 209106000.00 | 221863000.00 |
| ആകെ | 216407861.27 | 229164861.27 |
| ചെലവ് | 211459000.00 | 225411000.00 |
| നീക്കിയിരിപ്പ് | 4948861.27 | 3753861.27 |

**1-3 സാമ്പത്തിക വിശകലനം**

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക 2024-25**

| | |
|---|---|
| മുന്നിരിപ്പ് (01/04/2024) | 10680013.53 |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 51163352.00 |

| | |
|---|---|
| ആകെ | 61843365.53 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 49580964.00 |
| നീക്കിയിരിപ്പ് (31/03/2025) | 12262401.53 |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2024-25**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 127159071.00 |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 123921490.00 |
| പ്രവർത്തന ലാഭം/നഷ്ടം (Gross Surplus/Deficit) | 3237581.00 |
| അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | - 1081560.00 |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | 4319141.00 |

**ഓഡിറ്റ് പ്രത്യവലോകനം 2024-25**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | 44,067/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2309158/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12506000 | 12506000 | 12506000 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1980000 | 1980000 | 1980000 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 99000 | 99000 | 99000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 19713000 | 19713000 | 18490574 | 1222426 | 93.8 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7853000 | 7853000 | 6156659 | 1696341 | 78.4 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 1732188 | 5333003 | 7065191 | 3201484 | 3863707** | 45.31 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 575717 | 2107258+*129862 | 2812837 | 2003548 | 809289 | 71.22 |
| ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ) | 330826 | 318627 | 649453 | 187588 | 461865 | 28.9 |
| ഹെൽത്ത് ഗ്രാന്റ് (വെൽനെസ് സെന്ററ്റ്) | 6359 | 510582 | 516941 | 0 | 516941 | |
| ഐ.സി.ഡി.എസ് | 597318 | 898708 | 1496026 | 867767 | 628259 | 58 |
| ശുചിത്വമിഷൻ ഗ്രാന്റ് | 78921 | 0 | 78921 | 26914 | 52007 | 34.10 |
| എസ്.എസ്.എ | 49908 | 0 | 49908 | 0 | 49908 | |
| നബാർഡ് ഫണ്ട് | 25739 | 0 | 25739 | 0 | 25739 | |
| ജലനിധി | 124406 | 572 | 124978 | 104046 | 20932 | 83.25 |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | 1522 | 0 | 1522 | 0 | 1522 | |
| നിർമ്മൽ പുരസ്ക്കാരം | 24343 | 974 | 25317 | 0 | 25317 | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ്-സംസ്ഥാന വിഹിതം | 890000 | 4000000 | 4890000 | 4260000 | 630000 | 87.1 |
| PYKKA ഗ്രാന്റ് | 280000 | 0 | 280000 | 0 | 280000 | |

* ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായ പലിശ 129862/- രൂപ ഉൾപ്പെടെ

** ലാപ്സായ 168251/-രൂപ ഉൾപ്പെടെ

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലേയും വിനിയോഗത്തിലേയും അപാകതകൾ താഴെ ചേർക്കുന്നു.

1. വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി, റ്റി.എസ്.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 1380388 രൂപ, 141458 രൂപ, 17703 രൂപ വീതം KURDFC വായ്പ തിരിച്ചടവ്, വികസനഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്നും 788400 രൂപ അങ്കണവാടി ഹോണറേറിയം എന്നീ ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ ഇത്തരത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ്, സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ വിനിമയം ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 129862/-രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല.

3. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ടൈഡ് ഇനത്തിൽ മുൻകാല കുടിശ്ശികയായി ട്രഷറി അക്കൗണ്ടിൽ ലഭ്യമായ തുകയിൽ 168251/-രൂപ ലാപ്സായി.

4. ഐ സി ഡി എസ് ഗ്രാന്റിനത്തിൽ 2023-24 വർഷം തെറ്റായി വരവിനത്തിൽ അക്കൗണ്ട് ചെയ്ത 301331 രൂപ തിരികെ നിശ്ചിത ഹെഡിൽ അടവാക്കിയിട്ടുണ്ട്.

5. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബി4 ഷെഡ്യൂൾ ബാങ്ക് സ്റ്റേറ്റ്മെന്റായി 525196/- രൂപ വ്യത്യാസം നിലനിൽക്കുന്നു.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) ആയി നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി അവലോകനം

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) മൂന്നാം വാർഷിക പദ്ധതിയ്ക്ക് (2024-25 ) മീനച്ചിൽ ഗ്രാമപഞ്ചായത്തിന് ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 84898/24/DPC/DPO/KTM തീയതി 04-03-2025 പ്രകാരം അന്തിമഅംഗീകാരം ലഭിച്ചിട്ടുണ്ട്. വാർഷികപദ്ധതിയിൽ 73 സ്പിൽഓവർ പ്രോജക്ടുകളും 144 പുതിയ പ്രോജക്ടുകളും ഉൾപ്പടെ ആകെ 217 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 11,46,97,852/-രൂപയാണ്. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 217 | 11,46,97,852 | 176 | 7,17,44,667 | 41 | 81% |

വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 14-12-2023 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 16-12-2023,26-6-24 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 16-12-2023, 17-12-2023 |
| വികസനസെമിനാർ | 05-01-2024 |

പദ്ധതിനിർവ്വഹണം

ഗ്രാമപഞ്ചായത്തിന് വികസനഫണ്ട് വളരെ മികവുറ്റ രീതിയിൽ വിനിയോഗിക്കാൻ സാധിച്ചുവെന്നത് അഭിനന്ദനാർഹമാണ്(100%) . റോഡ് മെയിന്റനൻസ് ഗ്രാന്റും വളരെ ഫലപ്രദമായി ചെലവഴിക്കാൻ സാധിച്ചിരുന്നു. അംഗീകാരം ലഭിച്ച 217 പ്രോജക്ടുകളിൽ 176 എണ്ണം മാത്രമാണ് നടപ്പാക്കിയത്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 7,17,44,667/- രൂപയാണ്. ചെലവ് 62.55%. അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ കൂടുതലും നടപ്പാക്കാത്തതും ലഭ്യമായ മെയിന്റനൻസ് ഗ്രാന്റിന്റെ നല്ലൊരു ഭാഗം വിനിയോഗിക്കാൻ സാധിക്കാതെ വന്നതു മൂലം വളരെയധികം പ്രോജക്ടുകൾ നടപ്പാക്കാൻ സാധിക്കാതെ വന്നതാണ് ചെലവു ശതമാനം കുറയുന്നതിനിടയാക്കിയത്. മേല്പറഞ്ഞ വസ്തുതകൾ ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സമഗ്രവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്.

### നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | തയ്യാറാക്കിയ പ്രൊജക്റ്റു | നടപ്പാക്കിയ പ്രൊജക്റ്റു | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|

| | | കളുടെ എണ്ണം | കളുടെ എണ്ണം | | | |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 7 | 6 | 23,29,125/- | 16,66,625/- | 71.55 |
| 2. | വെറ്ററിനറി സർജൻ | 7 | 6 | 21,69,950/- | 19,08,775/- | 87.96 |
| 3. | മെഡിക്കൽ ഓഫീസർ(സിഎച്ച് സി) | 15 | 13 | 51,57,333/- | 32,75,381/- | 63.51 |
| 4. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 3 | 3 | 3,99,198/- | 3,98,198/- | 99.7 |
| 5. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1 | 1 | 4,00,000/- | 4,00,000/- | 100 |
| 6. | വിഇഒ | 22 | 19 | 3,96,15,085/- | 2,27,19,628/- | 57.35 |
| 7. | ഐസിഡിഎസ് സൂപ്പർവൈസർ | 10 | 10 | 37,11,459/- | 24,43,362/- | 65.83 |
| 8 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 25,40,000/- | 11,20,000/- | 44.09 |
| 9. | സെക്രട്ടറി | 45 | 36 | 82,30,678/- | 73,73,770/- | 89.58 |
| 10. | അസിസ്റ്റന്റ് എഞ്ചിനീയർ | 86 | 64 | 4,66,02,884/- | 2,77,43,100/- | 59.53 |
| 11. | ഹെഡ്മാസ്റ്റർ | 2 | 2 | 8,19,650/- | 8,19,650/- | 100 |
| 12. | അസിസ്റ്റന്റ് സെക്രട്ടറി | 17 | 14 | 27,22,490/- | 18,76,178/- | 68.91 |
| | **ആകെ** | **217** | **176** | **11,46,97,852/-** | **7,17,44,667/-** | **62.55** |

വിഇഒ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പാക്കിയ ലൈഫ് ഭവനപദ്ധതിപ്രകാരം ഗ്രാമപഞ്ചായത്തിലെ 100% ഭവനങ്ങളും നിർമ്മാണം പൂർത്തിയാക്കിയ കേരളത്തിലെതന്നെ ആദ്യപഞ്ചായത്തായി മീനച്ചിൽ ഗ്രാമപഞ്ചായത്തിനെ പ്രഖ്യാപിച്ചിരുന്നു. അസിസ്റ്റന്റ് എഞ്ചിനിയർക്ക് വിവിധ പ്രോജക്റ്റുകളിലൂടെ ആകെ 59.53% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. അസിസ്റ്റന്റ് എഞ്ചിനിയർക്ക് (എൽഐഡി&ഇഡബ്ല്യു) നിർവ്വഹണച്ചുമതലയുള്ള 86 പ്രോജക്ടുകൾ വിഭാവനം ചെയ്യുവെങ്കിലും 64 എണ്ണം മാത്രമാണ് നടപ്പാക്കിയത്. തന്മൂലം പശ്ചാത്തല മേഖല ചെലവിലും ആകെ പദ്ധതിച്ചെലവിലും സാരമായ കുറവ് വരുകയുണ്ടായി. മറ്റ് നിർവ്വഹണോദ്യോഗസ്ഥർ എല്ലാവരും പദ്ധതി പ്രകാരമുള്ള പ്രോജക്റ്റുകൾ നടപ്പാക്കുന്നതിൽ അത്യന്തം ജാഗ്രതയോടെ പ്രവർത്തിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.

**<u>സഞ്ചിതനിധിയിലേയ്ക്ക് 30.87 ലക്ഷത്തിലധികം രൂപ തിരികെ എടുക്കപ്പെട്ടു</u>**

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും സമയബന്ധിതമായി ബില്ലുകൾ മാറാത്തതിനാലും ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 12,22,426 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 16,96,341 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 1,68,251 |
| ആകെ | 30,87,018 |

അസിസ്റ്റന്റ് എഞ്ചിനിയർ ഏറ്റെടുത്ത റോഡിതര പുനരുദ്ധാരണ പ്രവൃത്തികൾ മിക്കവയും നടപ്പാക്കാത്തതിനാൽ 16ലക്ഷത്തിലധികം രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ തന്നെ നഷ്ടമായി. ഇക്കാര്യത്തിൽ ഫലപ്രദമായ പരിഹാരനടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയും കൃത്യമായ മോണിറ്ററിങ്ങും ഇടപെടലും അനിവാര്യമാണ്.

<u>മോണിറ്ററിംഗ്</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ടും പ്രോജക്ട് പൂർത്തീകരണപത്രവും അതത് പ്രോജക്ട് ഫയലിൽ സൂക്ഷിക്കാത്തതിനാൽ പ്രോജക്ടുകളുടെ നിർവ്വഹണത്തിലൂടെ കൈവരിക്കാൻ കഴിഞ്ഞ ഭൗതീക നേട്ടം രേഖാപരമായി ഉറപ്പാക്കാൻ സാധിക്കുന്നില്ല.

**<u>1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി</u>**

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2024-25 വർഷം 37 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 172 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 106 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 99 പ്രവൃത്തികൾ പൂർത്തിയാക്കി. 38398 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 117 അയൽക്കൂട്ടങ്ങളിൽ 88 എണ്ണം തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 527 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. 72.9 തൊഴിൽ ദിനങ്ങൾ ശരാശരി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി കയ്യാല, മഴക്കുഴി, തട്ടുതിരിക്കൽ തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൊഴിലുറപ്പു പദ്ധതി കാഷ് ബുക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 5525.00 |

| | | |
|---|---|---|
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 16975041.00 |
| | ക്യാഷ് വരവ് (ബാങ്ക് പലിശ ഉൾപ്പടെ) | 1325729.00 |
| | പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള അഡ്വാൻസ് | 978700.00 |
| | കില ട്രെയ്നിംഗ് | 4875.00 |
| ആകെ വരവ് | | 19289870.00 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 13147387.00 |
| | വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം | 713925.00 |
| | സാധന വില, വാടക, ബാങ്ക് ചാർജ്ജ് | 3113729.00 |
| | ഭരണ ചെലവുകൾ | 978700.00 |
| | പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ചത് | 1325502.00 |
| ആകെ ചെലവ് | | 19279243.00 |
| | നീക്കിയിരിപ്പ് | 10627.00 |

## 1-7 സാമൂഹ്യ സുരക്ഷ പദ്ധതികൾ

2024-25 വർഷം ഗ്രാമപഞ്ചായത്ത് മുഖേനയുള്ള ക്ഷേമ പെൻഷൻ വിതരണത്തിനായി 3,16,24,900/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം പട്ടികയിൽ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 1,98,59,100/- | 1422 |
| കർഷകതൊഴിലാളി പെൻഷൻ | 17,07,200/- | 108 |
| വിധവാപെൻഷൻ | 71,34,000/- | 486 |
| 50 വയസിലധികം പ്രായമുള്ള വനിതകൾക്ക് അവിവാഹിത പെൻഷൻ | 6,27,600/- | 43 |
| വികലാംഗ പെൻഷൻ | 22,67,000/- | 152 |
| വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം | 30,000/- | 1 |
| **ആകെ** | **3,16,24,900/-** | **2212** |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 07.072025-ന് 03:00pm സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 1826/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിൽ ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, വാർഷിക കണക്കുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ വളരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതി കുടിശിക ഈടാക്കാനുള്ള തീവ്രശ്രമങ്ങളുണ്ടായിട്ടുണ്ട്. വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീ, വാടക എന്നിവയുടെ പിരിവ് കാര്യക്ഷമമാക്കിയതിലൂടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ മികച്ച നേട്ടം കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04/2022 | 2021-22 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01/2018 | 2012-13 മുതൽ 2016-17 വരെ | LBA(HQ)4/18A/2753/345 തീയതി 01/03/2018 |

**1-11 ക്യാഷ് ബുക്ക് നീക്കിയിരിപ്പിൽ വ്യത്യാസം -അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്**

മീനച്ചിൽ പഞ്ചായത്തിന്റെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ 28.04.2025 മുതൽ ക്യാഷ് നീക്കിയിരിപ്പിൽ അധികം തുക നിലനിൽക്കുന്നതായി കാണുന്നു. ക്യാഷ് നീക്കിയിരിപ്പിലെ വ്യത്യാസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 1/14.07.2025) 28.04.2025 ൽ സ്ട്രീറ്റ്ലൈറ്റ് ഇലക്ട്രിസിറ്റി ചാർജ് അടക്കുന്നതിനായി മീനിച്ചിൽ സഹകരണ ബാങ്കിൽ നിന്നും പിൻവലിച്ച 8479/- രൂപയുടെയും (ചെക്ക് നം:21998), എൽ.ഐ .സി പ്രീമിയം അടവാക്കുന്നതിലേക്ക് എസ്.ബി.ഐ തനതു ഫണ്ടിൽ നിന്നും പിൻവലിച്ച 4718/- (ചെക്ക് നം:123769) രൂപയുടെയും പേയ്മെന്റുകൾ കെ-സ്മാർട്ട് സോഫ്റ്റ്വെയർ അപാകത മൂലം പേയ്മെന്റ് ക്രിയേഷൻ നടത്താൻ സാധിക്കാത്തതും, 02.05.2025, 05.06.2025 എന്നീ തീയതികളിൽ യഥാക്രമം 935/- രൂപയും 320/- രൂപയും രസീതില്ലാതെ അധികമായി ക്യാഷ്ബുക്കിൽ വന്നതുമാണ് അപാകതയ്ക്ക് കാരണമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.അപാകത ഐ കെ എം ൽ റിപ്പോർട്ട് ചെയ്യിട്ടുണ്ടെന്നും അപാകത പരിഹരിക്കുന്ന മുറയ്ക്ക് ക്യാഷ്ബുക്ക് കൃത്യത വരുത്തുന്നതാണ് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-12 ചെലവഴിക്കാത്ത ഗ്രാന്റ് - നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതാണ്**

വാർഷികകണക്കുകളിലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ "350400999-Refund Of Unutilised Grants- Prior Period " എന്ന ശീർഷകത്തിൽ 500000/- രൂപയും "350300199-Government And Other Dues Payable" എന്ന ശീർഷകത്തിൽ 83484/- രൂപയും ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുകകൾ ഏതിനത്തിൽ ലഭ്യമായെന്നും ചെലവഴിക്കാത്ത പ്രസ്തുത ഗ്രാന്റ് തുക നിശ്ചിത ശീർഷകത്തിലേക്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/15.07.2025) "350400999-Refund Of Unutilised Grants- Prior Period " എന്ന ശീർഷകത്തിലെ 500000/- രൂപ പ്രോജക്റ്റ് (നം.35/2013) പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്ന കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ഓരോ ഗ്രൂപ്പിനും 50,000/- വീതം 10 ഗ്രൂപ്പുകൾക്ക് വികസനഫണ്ടിൽ നിന്നും റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകിയിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ ഫണ്ട്, കുടുംബശ്രീ യൂണിറ്റുകൾക്ക് നിരുപാധികം വിട്ടുകിട്ടിയിട്ടുള്ള തുക അല്ല എന്നും യൂണിറ്റുകൾ നിർജ്ജീവമാകുകയോ നിർത്തിപ്പോവുകയോ ചെയ്താൽ തിരിച്ച് അടയ്ക്കേണ്ട തുകയാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് അന്വേഷണം നടത്തി പ്രവർത്തിക്കാത്ത യൂണിറ്റുകളിൽ നിന്നും തുക തിരികെ ഈടാക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതും കുടുംബശ്രീയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾക്ക് തുക ചെലവാക്കേണ്ടതും ബാധ്യത ബി9 ഷെഡ്യൂളിൽ നിന്ന് ഒഴിവാക്കേണ്ടതുമാണ്.

"350300199-Government And Other Dues Payable" എന്ന ശീർഷകത്തിലെ 83484/- രൂപ ബാരൽ വിറ്റ ഇനത്തിൽ ലഭ്യമായതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ തുക നിശ്ചിത ശീർഷകത്തിൽ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-13 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു**

2024-25 വർഷത്തെ വാർഷികകണക്കുകളിലെ ബി-18 ഷെഡ്യൂൾ പരിശോധിച്ചതിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ജീവനക്കാർക്ക് നൽകിയതിൽ 10000/-രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമാകുവാൻ അവശേഷിക്കുന്നതായി കാണുന്നു. പ്രസ്തുത തുക ഏതെല്ലാം ജീവനക്കാരിൽ നിന്നും ഈടാക്കുവാനുള്ളതാണെന്നും ഈടാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/15.07.2025) മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ട് ആയി സേവനമനുഷ്ഠിച്ചിരുന്നതും മേലുകാവ് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറിപ്പോയ ശ്രീ. പോൾ ബേബി സാമുവലിൽ നിന്നും ഈടാക്കുവാനുള്ളതാണെന്നും ടി തുക ലഭിക്കുന്നതിലേക്ക് മേലുകാവ് ഗ്രാമപഞ്ചായത്തിലേക്ക് അറിയിപ്പ് നൽകിയിട്ടുള്ളതുമാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ തുക അടിയന്തിരമായി മേലുകാവ് ഗ്രാമപഞ്ചായത്ത് മുഖേന ലഭ്യമാക്കി തനത് ഫണ്ടിലേക്ക് അടവാക്കി രസീത് ഹാജരാക്കേണ്ടതാണ്.

**1-14-1 വസ്തു നികുതി- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം-6 ലെ പട്ടിക-6 പ്രകാരം മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൻമേൽ 15% വർദ്ധനവ് നൽകേണ്ടതാണ്. എന്നാൽ 2024-25 വർഷം നികുതി നിർണ്ണയം നടത്തിയ താഴെപ്പറയുന്ന കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചപ്പോൾ തറനിർമ്മിതിയുടെ തരം പരിഗണിച്ചതായി കാണുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം./ ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം (അടിസ്ഥാന നികുതി നിരക്ക്) | വിസ്തീർണ്ണം (ച.മീ.) | തറയുടെ തരം | അടിസ്ഥാന നികുതി | നൽകേണ്ട വർദ്ധനവ് (15%) |
|---|---|---|---|---|---|
| 10/411 E&F ജോജോ മാത്യു, മാപ്പലകയിൽ, പൂവരണി | വാണിജ്യാവശ്യം 100 ച.മീറ്റർ മുകളിൽ (63/ ച.മീ) | 467.2 | ഇറ്റാലിയൻ മാർബിൾ,ഗ്രാനൈറ്റ് ,മറ്റ് വിലയേറിയ വസ്തുക്കൾ(100%) | 29434 | 4415 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/14.07.2025) ന് മറുപടി ലഭ്യമാക്കിയില്ല. 250 ചതുരശ്രമീറ്ററിലധികമുള്ള മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടത്തിന്റെ നികുതി വിഭജിച്ച് നമ്പറിങ്ങ് നടത്തുമ്പോൾ നികുതി വർദ്ധന കൃത്യമായി നൽകാൻ സാധിക്കാത്ത സാഹചര്യം വസ്തുനികുതി ഡേറ്റാബേസിൽ നിലനിൽക്കുന്നുണ്ട്. മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് കെട്ടിടത്തിനു മുഴുവനായും നൽകുന്നതിനുള്ള ക്രമീകരണങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ ലഭ്യമല്ലാത്തതിനാലാണ് അപാകതയുണ്ടാകുന്നത്. ഈ വിഷയത്തിലുള്ള സോഫ്റ്റ്വെയർ അപാകത IKM വഴി അടിയന്തിരമായി പരിഹരിക്കേണ്ടതും ചട്ടപ്രകാരമുള്ള വസ്തുനികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-14 കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത-നികുതി നഷ്ടം**

ഗ്രാമപഞ്ചായത്തിലെ സഞ്ചയ സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി നികുതി നിർണ്ണയിച്ചതു മൂലം വസ്തുനികുതിയിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഒരേ ഉപയോഗക്രമത്തിൽ വ്യത്യസ്ത നമ്പറുകൾ നൽകുന്ന സാഹചര്യത്തിൽ ആകെ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം നിരക്ക് നിർണയിക്കേണ്ടത് . എന്നാൽ ബോബി ജോർജ്ജ് (ഇടപ്പാടിയിൽ, പൈകക്കാവുങ്കൽ), എന്നയാളുടെ ചുവടെ ചേർത്തിരിക്കുന്ന വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 42 രൂപ നിരക്കിലാണ് നിലവിൽ നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 63 രൂപ എന്ന നിരക്കിലായിരുന്നു നികുതി നിർണ്ണയിക്കേണ്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | കെട്ടിട ഉടമ | കെട്ടിട നമ്പർ/ വിസ്തീർണ്ണം ച.മീ) | നിർണ്ണയിക്കേണ്ട വസ്തു നികുതി (63 രൂപ/ ച.മി) | | | | ഇളവുകൾക്കും വർദ്ധനവുകൾക്കും ശേഷം നിർണ്ണയിച്ച വസ്തുനികുതി (42രൂപ/ ച.മി) | കുറവ് (സെസ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടുത്താതെ) |
|---|---|---|---|---|---|---|---|---|
| | | | അടിസ്ഥാന വസ്തു നികുതി | വർദ്ധനവ് (വഴി സൗകര്യം-20%) | കുറവ് | ആകെ | | |
| 1 | ബോബി ജോർജ്ജ്, ഇടപ്പാടിയിൽ ,പൂവരണി | 7/91A(35.42ച മീ) | 2231.4 | 446.2 | - | 2678 | 1786 | 892 |
| | | 7/91B(17.71ച മീ) | 1115.73 | 223.1 | - | 1339 | 893 | 446 |
| | | 7/91C(18.92ച മീ) | 1191.9 | 238.3 | - | 1430 | 954 | 476 |
| | | 7/91D(37.51ച മീ) | 2363.1 | 472.6 | - | 2836 | 1891 | 945 |
| | | 7/91E(16.7ച മീ) | 1052.1 | 210.42 | - | 1262 | 842 | 420 |
| | | 7/91F(47.63ച മീ) | 3000.6 | 600.1 | - | 3601 | 2401 | 1200 |
| | | 7/91G (22.27ച മീ) | 1403 | 280.6 | - | 1684 | 1123 | 561 |
| | | 7/91H(23.05ച മീ) | 1452.1 | 290.43 | - | 1742 | 1162 | 580 |
| | | 7/91I (25.62ച മീ) | 1614 | 322.8 | - | 1937 | 1292 | 645 |
| | | **ആകെ കുറവ്** | | | | | | **6165/-** |

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 3/14.07.25) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

**1-15 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണയിച്ചു**

ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ വസ്തുനികുതി സപ്ലിമെന്ററി അസ്സെസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പാർപ്പിടാവശ്യം 300 ച.മീ.മുകളിലുള്ള ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളെ പാർപ്പിടാവശ്യം 300 ച.മീ. വരെയുള്ളവ കെട്ടിടങ്ങളുടെ ഇനത്തിൽ പെടുത്തിയാണ് നികുതി നിർണയിച്ചിരിക്കുന്നത്.നികുതി നിർണയത്തിൽ വന്ന കുറവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര നം | വാർഡ് നമ്പർ/ കെട്ടിട നമ്പർ (വിസ്തീർണ്ണം (ച.മീ.)) | കെട്ടിട ഉടമയുടെ പേരും വിലാസവും | നിലവിൽ നിർണ്ണയിച്ച വസ്തുനികുതി (6.3രൂപ/ ച.മി) | നിർണ്ണയിക്കേണ്ട വസ്തു നികുതി | | | | കുറവ് (സെസ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടുത്താതെ) |
|---|---|---|---|---|---|---|---|---|
| | | | | അടിസ്ഥാന വസ്തുനികുതി (8.4 രൂപ / ച.മീ) | വർദ്ധനവ് | ഇളവ് | ആകെ | |
| 1 | 8/19F (482.660) | ഷിൻജു റ്റി ജോസ് എന്ന ചാക്കോ, തുണ്ടത്തിക്കുന്നേൽ ,പൂവരണി | 3193 | 4054.3 | 608.1 (തറനിർമിതി -15%) | 405.4 (മേഖല-10%) | 4257 | 1064 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | 2/301A (361.11) | ജോയി തോമസ്, പന്തലാടിക്കൽ, കിഴപറയാർ | 2275 | 3033.3 | 606.6 (വഴിസൗകര്യം-20% | 606.6 (മേഖല-20%) | 3033 | 758 |
| 3 | 4/393A (325.4) | സനീഷ് ജോസഫ്, ചിലമ്പൻകുന്നേൽ ,,പൂവത്തോട് | 2152 | 2733.3 | 410 (തറനിർമിതി -15%) | 273.3 (മേഖല-10%) | 2870 | 718 |
| | ആകെ | | | | | | | 2540 |

കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/14.07.2025) മറുപടി ലഭ്യമാക്കിയില്ല നികുതിനിർണയത്തിലെ അപാകത പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി -ചുമത്തുന്നതിലും ഈടാക്കുന്നതിലുമുള്ള അപാകതകൾ.

**I) ജീവനക്കാരിൽ നിന്നും 2024-25 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്.എന്നാൽ 2024-25 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കാണുന്നു. ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങളുടെ ലിസ്റ്റ്, ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനം | 2024-25 നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | അൽഫോൻസാ ഫോറിൻ ലാംഗ്വേജ് അക്കാഡമി | 1,2 |
| 2 | സെന്റ് ത്രേസിയാസ് യൂ.പി സ്കൂൾ ഇടമറ്റം | 1,2 |
| 3 | K.S.E.B പൈക | 2 |
| 4 | മദ്രാസ് സിമന്റ് | 2 |

ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന് അതാത് സാമ്പത്തിക വർഷത്തെ വരുമാനം ആയതിനാൽ സമയബന്ധിതമായി നികുതി വരുമാനം ഒടുക്കാതിരിക്കുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നതാണ്.

**II)ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല**

2024-25 ജീവനക്കാരുടെ തൊഴിൽ നികുതി ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | C.S.K ട്രേഡേഴ്സ് |
| 2 | നീതി മെഡിക്കൽസ് (പൂവരണി ,പൈക) |
| 3 | അക്ഷയ സെന്റർ, പൈക |
| 4 | അക്ഷയ സെന്റർ, ഇടമറ്റം |
| 5 | ജനത ഹോട്ടൽ ആൻഡ് ബേക്കേഴ്സ് |
| 6 | ദൃശ്യാ ന്യൂസ് |
| 7 | ഞാവള്ളിക്കുന്നേൽ ഏജൻസീസ് |
| 8 | മീനച്ചിൽ TODDY SHOP |

പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വലിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നത് പഞ്ചായത്തിന് നികുതി വരുമാനത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്.

**III)സ്ഥാപനതൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു.**

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും 2024-25 വർഷത്തെ വിവിധ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **സ്ഥാപനത്തിന്റെ പേര്** | **റിമാർക്സ്** |
|---|---|---|
| 1 | മീനച്ചിൽ സർവീസ് സഹകരണബാങ്ക് (5 ശാഖകൾ ) | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | ഹേവിയ എഞ്ചിനീയറിംഗ് വർക്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | SBI,പൂവരണി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | ITHIEL കൺസ്ട്രക്ഷൻ പൂവരണി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

| | | |
|---|---|---|
| 5 | ക്രിസ്റ്റൽ കാർ പ്രൈവറ്റ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | മദ്രാസ് സിമന്റ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 7 | ഇടമറ്റം ക്ഷീരോല്പാദനസംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

തനത് നികുതി വരുമാനത്തിലുണ്ടായ കുറവിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/14.07.2025) മറുപടി ലഭ്യമാക്കിയില്ല .ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന് അതാത് സാമ്പത്തിക വർഷത്തെ വരുമാനം ആയതിനാൽ സമയബന്ധിതമായി നികുതി വരുമാനം ഒടുക്കാതിരിക്കുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നതാണ്.തൊഴിൽ നികുതി കുടിശ്ശിക ഈടാക്കേണ്ടതും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നതിനുള്ള സ്ഥാപന ലിസ്റ്റ് വിശദമായ ഫീൽഡ് പരിശോധന നടത്തി സമഗ്രമായി പരിഷ്കരിക്കേണ്ടതുമാണ്.

**1-17 വാടകകുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു**

ഗ്രാമ പഞ്ചായത്തിലെ 2024-25 സാമ്പത്തിക വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കടമുറിയിൽ നിന്ന് വാടക പൂർണ്ണമായും ഈടാക്കിയതായി കാണുന്നില്ല.

| കടമുറി | വാടകക്ക് എടുത്ത വ്യക്തി | മാസവാടക( GST ഒഴികെ) (രൂപ) | അടവാക്കാനവശേഷിക്കുന്ന മാസങ്ങൾ | കുടിശ്ശിക(GST&PI ഒഴികെ) |
|---|---|---|---|---|
| പൈക ഷോപ്പിംഗ് കോംപ്ലക്സ് ( നമ്പർ:VII/64) | ജോയ് ജോസ് ,അടിച്ചിലമാക്കൽ, പൂവരണി പി.ഓ | 1,469 | 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ | 17,628/- |

മേൽ കുത്തകക്കാരനുമായി ചമച്ച വാടക കരാർ, വാടക പിരിച്ചെടുക്കാൻ സാധിക്കാതിരുന്ന സാഹചര്യം, കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 6/14.07.2025) ന് മറുപടി ലഭ്യമാക്കിയിട്ടില്ല .കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-18 വിവിധ ആസ്തികളുടെ ലേലം - തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്**

1. 07.05.2024 ലെ ഭരണസമിതി യോഗം തീരുമാനം2(1) പ്രകാരം മീനച്ചിൽ ഗ്രാമ പഞ്ചായത്തിൽ ഇടമറ്റം- കിഴപറയാർ റോഡരികിൽ തോട്ടു പുറമ്പോക്കിൽ മറിഞ്ഞു വീണ നിലയിലുള്ള ആഞ്ഞിലി മരത്തിന് വനം വകുപ്പ് ലഭ്യമാക്കിയ വാല്യൂവേഷൻ പ്രകാരം ലേല നടപടികൾ കൈക്കൊള്ളുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ഇത് പ്രകാരം 27.06.24 ന് ലേലം നടത്തുകയും പ്രസ്തുത ലേലത്തിൽ ആരും പങ്കെടുക്കാത്തതിനാൽ 12.07.2024 ലെ കമ്മിറ്റി തീരുമാന പ്രകാരം പുനർലേലം നടത്താൻ ഭരണസമിതി തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർനടപടി വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല.
2. 12.07.2024 ലെ ഭരണസമിതി യോഗം തീരുമാനം 2 പ്രകാരം പൈക വെറ്ററിനറി ഡിസ്പെൻസറിയിലെ ഉപയോഗശൂന്യമായ ഉപകരണങ്ങൾ ലേലം ചെയ്ത് വിൽക്കുവാനും തന്മൂലം ലഭ്യമാകുന്ന തുക (ജി എസ് ടി ) ഉൾപ്പെടെ പഞ്ചായത്തിലേക്ക് അടവാക്കാനു വെറ്ററിനറി സർജന് അനുവാദം നൽകി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.
3. 04.02.2025 ലെ ഭരണസമിതി യോഗം തീരുമാനം 18(1) പ്രകാരം മീനച്ചിൽ ഗ്രാമ പഞ്ചായത്തിന്റെ പൈക ഷോപ്പിംഗ് കോംപ്ലക്സിൽ ഭിന്നശേഷിക്കാർക്കായി നിയമാനുസൃതമായി മുറി അനുവദിക്കുന്നതിനായി 14/02/2025-ാം തീയതി ലേല നടപടികൾ സ്വീകരിക്കുന്നതിന് കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.
4. 21.01.2025 ലെ ഭരണസമിതി യോഗം തീരുമാനം 7(1) പ്രകാരം പ്രോജക്റ്റ് നമ്പർ -209/25 പൊന്നൊഴുകും തോടിനു കുറുകെയുള്ള പാലത്തിന്റെ വീതി കൂട്ടലും അനുബന്ധ പ്രവർത്തികളും എന്ന വർക്കിനോടനുബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനിയർ( LID & EW ) സമർപ്പിച്ച അപേക്ഷ പ്രകാരം പഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡിന്റെ ഭാഗത്തു നിന്നും മുറിച്ചു മാറ്റേണ്ടി വന്ന റബ്ബർ മരത്തിന് മാർക്കറ്റ് വില അനുസരിച്ച് വിൽക്കുന്നതിനുള്ള ലേല നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട് .
5. 14..03.2025 ലെ ഭരണസമിതി യോഗം തീരുമാനം 7(1) ഗവണ്മെന്റ് എൽ പി സ്കൂൾ കൂവത്തോടിന്റെ മേൽക്കൂരയിലെ ഓട് മാറ്റി ഷീറ്റ് മേയുന്നതിന്റെ ഭാഗമായി നീക്കം ചെയ്ത ഓടുകൾ സ്കൂൾ മുറ്റത്ത് നിരത്തി വച്ചിട്ടുള്ളത് കുട്ടികളുടെ സഞ്ചാരത്തിനും മറ്റും തടസ്സം ഉണ്ടാക്കുന്നതായും, കൂടാതെ ഇഴജന്തുക്കളുടെ ശല്യവും ഉണ്ടാക്കുന്നതായി യോഗം വിലയിരുത്തുകയും .എത്രയും പെട്ടെന്ന് ഓടുകൾ ലേലം ചെയ്തു നൽകുന്നതിനുള്ള ലേല നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ ( LID & EW ) ചുമതലപ്പെടുത്തുന്നതിനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

പഞ്ചായത്ത് ആസ്തിയുമായി ബന്ധപ്പെട്ട മേൽ ലേലങ്ങളിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ, ലേല ഡയറി എന്നിവ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അനേഷണക്കുറിപ്പിന് (നം.02/14.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ് .

**1-19 ഓഡിറ്റ് ഇംപാക്ട് - പെർമിറ്റ് ഫീസ് റീഫണ്ട്- അധികം തുക അനുവദിച്ചത് തിരിച്ചടച്ചു.**

സ.ഉ(കൈ)നം 85/2023/LSGD തീയതി 31-3-23 പ്രകാരം കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് പുതുക്കി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ സുനീഷ് മാത്യു എന്നയാളിൽ നിന്നും 6-3-24 ലെ രസീത് നം 1230800881 പ്രകാരം 158.24m2 ഉള്ള കെട്ടിടത്തിന് റഗുലറൈസേഷൻ ഫീസായി 158.24x150=23736/- രൂപ ഈടാക്കിയിരുന്നു. സ.ഉ(കൈ) നം 97/2024/LSGD തീയതി 30-7-24 പ്രകാരം ആദ്യ ഉത്തരവിലെ നിരക്കുകൾ കുറച്ച് നൽകിയും 10-4-23 മുതൽ നിലവിലുണ്ടായിരുന്ന നിരക്ക് പ്രകാരം പെർമിറ്റ് ഫീസ് ഒടുക്കിയവർക്ക് അധികമായി നൽകിയ തുക തിരികെ നൽകുന്നതിനും തദ്ദേശ

സ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നം 22400968/8-1-25 പ്രകാരം ശ്രീ സുനീഷ് മാത്യു എന്നാൾക്ക് പെർമിറ്റ് ഫീസ് റീഫണ്ടായി 11868/-രൂപ നൽകിയിരുന്നു.

പുതുക്കിയ നിരക്ക് പ്രകാരം ഈടാക്കേണ്ടിയിരുന്ന റഗുലറൈസേഷൻ ഫീസ്= 158.24x50x2= 15824/- രൂപയായിരുന്നു. ശ്രീ സുനീഷ് മാത്യുവിന് തിരികെ നൽകാവുന്ന തുക = 23736- 15824= 7912രൂപ മാത്രമാണ്.

തിരികെ നൽകിയ തുക =11868/-

അധികം നൽകിയ തുക = 11868- 7912= 3956/-

പെർമിറ്റ് ഫീ റീഫണ്ടായി അധികം തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം27/16-7-25) മറുപടിയായി രസിത് നം. 25001186 തീയതി 11.08.2025 പ്രകാരം 3,956/- രൂപ ഈടാക്കിയതിന്റെ വിവരം അറിയിച്ചിട്ടുണ്ട്.

## 1-20 മിനിമാസ്റ്റ് ലൈറ്റുകളുടെ സ്ഥാപനം - നടപടിക്രമങ്ങളിൽ അപാകത

2024-25 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി രണ്ടു പ്രൊജക്റ്റുകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്റ്റ് നം. & പേര് | S0 203/25, മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ ജില്ലാ പഞ്ചായത്ത് കിടങ്ങൂർ ഡിവിനിൽപ്പെട്ട ഭാഗത്ത് മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | S0198/25, മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 29,975(തനത്ഫണ്ട്)+<br>10,30,000(ജില്ലാപഞ്ചായത്ത്)<br>------------------------<br>10,59,975 | 5000(തനത്ഫണ്ട്)+<br>10,00,000(ജില്ലാപഞ്ചായത്ത്)<br>---------------------<br>10,05,000 |
| ചെലവ് | 28,676(തനത്ഫണ്ട്)+<br>10,00,000(ജില്ലാപഞ്ചായത്ത്)<br>-----------------<br>10,28,676 | 4,91,144(ജില്ലാപഞ്ചായത്ത്) |
| ബിൽ നം. | 5053007201240010/30-7-24 Rs 8,22,941/-<br>5053007201240034/23-10-24 Rs 1,77,059/-<br>5053007201240035/23-10-24 Rs 28676/- | XVFC/24-25/P/71 Dated 21-3-25 |

പ്രോജക്റ്റ് നം S0203/25 പ്രകാരം **(3X150W) ന്റെ** 6 മീറ്റർ മിനിമാസ്റ്റ് ലൈറ്റുകൾ 5എണ്ണവും **(4X200W) ന്റെ** 6 മീറ്റർ മിനിമാസ്റ്റ് ലൈറ്റുകൾ 2 എണ്ണവും സ്ഥാപിച്ചിരുന്നു. പ്രോജക്റ്റ് നം S0 198/25 പ്രകാരം **(3X150W) ന്റെ** 6 മീറ്റർ മിനിമാസ്റ്റ് ലൈറ്റുകൾ 4എണ്ണവും ഉൾപ്പടെ രണ്ടു പ്രോജക്റ്റിലുമായി വിവിധ ഭാഗങ്ങളിലായി 11 മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസിയായ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL)ഹാജരാക്കിയ ഓഫർ ലെറ്റർ പ്രകാരമുള്ള തുകയാണ് അവർക്ക് നല്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

6 മീറ്റർ മിനിമാസ്റ്റ് ലൈറ്റുകളുടെ(3X150W) ഓഫർ ലെറ്റർ പ്രകാരമുള്ള വില =122786 രൂപ

6 മീറ്റർ മിനിമാസ്റ്റ് ലൈറ്റുകളുടെ(4X200W) ഓഫർ ലെറ്റർ പ്രകാരമുള്ള വില =207373 രൂപ

### നിർവ്വഹണം സംബന്ധിച്ച പൊതുവായ അപാകതകൾ

1. PMC ഏജൻസിയായ KEL കരാറുകാരനെ(JN Lights, Thiruvalla) തെരഞ്ഞെടുത്തത് നടപടിക്രമങ്ങൾ പാലിച്ചായിരുന്നോയെന്നത് വ്യക്തമല്ല. കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് എത്രയെന്നും ആയതനുസരിച്ചുള്ള തുകയാണോ JN Lights, Thiruvalla യ്ക്ക് നൽകിയതെന്നുള്ളതും വ്യക്തമല്ല.
2. ജി ഓ (പി )118/2018 ഫിൻ തീ 3-8-18 ൽ നിഷ്കർഷിക്കും പോലെ കരാറുകാരന് (JN Lights , Thiruvalla ) ഗ്രാമപഞ്ചായത്ത് നേരിട്ട് തുക നല്കുന്നതിന് പകരം KEL നേരിട്ട് തുക കൈപ്പറ്റിയിട്ടുള്ളതായി കാണുന്നു. PMC ഏജൻസി വഴി ചെയ്യുന്ന പ്രവൃത്തികൾക്ക് സെന്റേജ് ചാർജ് മാത്രമാണ് ഏജൻസിക്ക് (KELന്)നേരിട്ട് കൈപ്പറ്റാവുന്നത്
3. തികച്ചും മരാമത്ത് സ്വഭാവമുള്ള പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ്, അളവ് പുസ്തകം എന്നിവ KEL തയ്യാറാക്കിയിരുന്നില്ല. ഓഫർ ലെറ്ററിൽ പറഞ്ഞിട്ടുള്ള Pole, LED ലൈറ്റ് എന്നിവയുടെ സ്പെസിഫിക്കേഷൻ അവ്യക്തമായിരുന്നു.
4. സാങ്കേതിക അനുമതി നല്കുക, അളവ്/മേലളവ് രേഖപ്പെടുത്തുക തുടങ്ങിയവ ബന്ധപ്പെട്ട വകുപ്പോ,ഏജൻസിയോ നടത്തിയതായി രേഖകളില്ല.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/15-7-25)മറുപടി ലഭ്യമാക്കിയിരുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 ഗ്രാമവണ്ടി - നടത്തിപ്പിന് മറ്റ് സാമ്പത്തിക സ്രോതസ്സുകൾക്കുള്ള സാദ്ധ്യത തേടിയില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. & പേര് | S0206/25<br>ഗ്രാമവണ്ടി |
| | |

| | |
|---|---|
| അടങ്കൽ | 9,00,000/- (തനത് ഫണ്ട്) |
| ചെലവ് | 7,08,922/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ ബസ് സർവീസ് ലഭ്യമല്ലാത്ത ഉൾപ്രദേശങ്ങളിലൂടെ കെഎസ് ആർടിസിയുമായി ചേർന്ന് ബസ് സർവീസ് നടത്തുന്നതിന് പ്രോജക്ട് പ്രകാരമുള്ള ചെലവ് കൂടാതെ തനത് ഫണ്ട് ഉൾപ്പെടെ ആകെ 10,38,345/- രൂപ ചെലവഴിച്ചിരുന്നു. കെ.എസ്.ആർ.ടി.സി. ഹാജരാക്കുന്ന ഡീസൽ അടിച്ചതിന്റെ ബിൽ പ്രകാരമുള്ള തുകയാണ് ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിരുന്നത്. സ.ഉ (സാധാ) 704/2022/LSGD Dated 22-3-22 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെഎസ്ആർടിസിയുമായി ചേർന്ന് നടപ്പാക്കുന്ന ഗ്രാമവണ്ടിയുടെ നടത്തിപ്പിനായി സ്പോൺസർഷിപ്പ് മുഖേനയോ CSR ഫണ്ട് സമാഹരിച്ചോ അല്ലാത്ത പക്ഷം തനത് ഫണ്ടിൽ നിന്നോ തുക കണ്ടെത്താവുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിന് ഈ രീതിയിൽ സ്പോൺസർഷിപ്പ് കണ്ടെത്തുന്നതിനോ CSR ഫണ്ട് സമാഹരിക്കുന്നതിനോ ഉള്ള സാധ്യതകൾ തേടിയിരുന്നോയെന്നത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 17/15-7-25)മറുപടി ലഭ്യമായിരുന്നില്ല. സ്പോൺസർ ഷിപ്പ് കണ്ടെത്തുന്നതിനോ CSR ഫണ്ട് സമാഹരിക്കുന്നതിനോ ഉള്ള സാധ്യതകൾ തേടാവുന്നതും ആയത് വഴി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന് അധികബാദ്ധ്യത വരുത്താത്ത രീതിയിൽ ഗ്രാമവണ്ടി പ്രോജക്ട് നടത്താവുന്നതുമാണ്. പ്രസ്തുത വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-22 ഗ്രാമപഞ്ചായത്ത് ആസ്തിയുടെ മെയിന്റനൻസിന് റോഡിതരമെയിന്റനൻസ് ഗ്രാന്റ് വിനിയോഗം - സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധം</u>

| | |
|---|---|
| പ്രോജക്ട് നം. & പേര് | S0204/25 ചാത്തൻകുളം വനിതാ വിശ്രമകേന്ദ്രം വൈദ്യുതീകരണം |
| അടങ്കൽ | 41,856/- (റോഡിതരമെയിന്റനൻസ് ഗ്രാന്റ് ) |
| ചെലവ് | 41,856/-(ബിൽനം 12/7-9-24) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

സ്പിൽ ഓവറായി നടപ്പാക്കിയ പ്രസ്തുത പ്രോജക്ട് ഭാഗമായി മുൻവർഷം 1,44,528/- രൂപ ചാത്തൻകുളം വനിതാവിശ്രമകേന്ദ്രത്തിന് ഇലക്ട്രിഫിക്കേഷന് വേണ്ടി ചെലവഴിച്ചിരുന്നു. വൈദ്യുതീകരണം പൂർത്തിയായ പ്രസ്തുത കെട്ടിടത്തിന് വൈദ്യുതകണക്ഷൻ ലഭിക്കുന്നതിനായി റോഡിതര മെയിന്റനൻസ് ഗ്രാന്റ് 41,856/-രൂപ വിനിയോഗിച്ച് കെഎസ്ഇബിയിൽ തുക നിക്ഷേപിക്കുന്നതിനാണ് പ്രസ്തുത പ്രോജക്റ്റ് തയ്യാറാക്കിയിരുന്നത്. റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരം (സ.ഉ (കൈ)നം 90/2023/LSGD Dated 9-4-23) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളുടെയും ആസ്തികളുടെയും പരിപാലനത്തിനു മാത്രമാണ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിൽ ഇളവ് നൽകിയിട്ടുള്ള പ്രവർത്തികളിൽ വനിതാവിശ്രമകേന്ദ്രം ഉൾപ്പെടുന്നില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗ്രാമപഞ്ചായത്തിന്റെ തനത് ആസ്തിയുടെ വൈദ്യുതീകരണത്തിന് റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/15-7-25) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് ആസ്തിയുടെ മെയിന്റനൻസിന് റോഡിതരമെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചത് ക്രമപ്രകാരമല്ല. ക്രമപ്രകാരമല്ലാതെ ചെലവഴിച്ച 41,856/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ അനുമതി വാങ്ങി വിവരം അറിയിക്കേണ്ടതാണ്.

## <u>1-23 തെരുവുവിളക്കുകളുടെ പുനരുദ്ധാരണം- നടപടിക്രമങ്ങളിൽ അപാകത</u>

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 205/25 തെരുവുവിളക്കുകളുടെ പുനരുദ്ധാരണം എന്ന പ്രോജക്ടിന്റെ ഭാഗമായി വിനോദ് റ്റി. കെ. തടത്തിൽ എന്ന കരാറുകാരന് (27-6-23മുതൽ 26-6-24വരെ കാലയളവ്) വിവിധ സ്ട്രീറ്റ് ലൈറ്റുകളും(9W LED ലൈറ്റ്) അനുബന്ധ ഉപകരണങ്ങളും സഹിതം മെയിന്റനൻസ് നടത്തിയതിന് 2023-24 വർഷം 2,79,283/-രൂപയും 2024-25 വർഷം 1,90,605 രൂപയുമുൾപ്പടെ ആകെ 469,888/-രൂപ നൽകിയിട്ടുണ്ട്.

പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പ്രോജക്ട് പ്രകാരം വാങ്ങിയ സ്ട്രീറ്റ് ലൈറ്റും അനുബന്ധ ഉപകരണങ്ങളും ലഭിച്ചതിന്റെയും വിവിധ വാർഡുകളിലേയ്ക്ക് നൽകിയതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2 ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടേയും വിവരങ്ങൾ പോസ്റ്റ്നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്ററും തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി പുസ്തകവും (കരാർ നിബന്ധന 17 പ്രകാരം) സൂക്ഷിക്കുന്നില്ലായെന്ന് കാണുന്നു.

3. ഗ്രാമപഞ്ചായത്തിലെ ആകെയുള്ള മെയിന്റനൻസ് പരിധിയിലുള്ള ലൈറ്റുകളുടെ എണ്ണം ടെൻഡർ പരസ്യത്തിൽ ചേർത്തിരുന്നില്ല. ആകെ എത്ര യൂണിറ്റുകൾ ഉണ്ടെന്നതിന് കൃത്യമായ കണക്കുകളില്ലാതെ മെയിന്റനൻസ് നടത്തേണ്ടതിന് അടങ്കൽ തുക നിശ്ചയിച്ചതെങ്ങനെയെന്നത് വിശദീകരിച്ചിട്ടില്ല.

4. കരാർ തുക 469888/- രൂപയായിരുന്ന പ്രസ്തുത പ്രോജക്ടിന്റെ ബിൽ തുകകളിൽ നിന്നും ടിഡിഎസ് ആയി കിഴിവ് നടത്തേണ്ടിയിരുന്ന GST (2% തുക) കിഴിവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കിയിരുന്നില്ല.

5. കരാർ കാലയളവിൽ (27-6-23 മുതൽ 26-6-24 വരെ കാലയളവ്) കരാറുകാരൻ ഹാജരാക്കിയ ബില്ലുകൾ പ്രകാരം 1880 എണ്ണം 9W LED ലൈറ്റുകൾ പുതുതായി സ്ഥാപിച്ചിട്ടുണ്ട്. 18-9-24 മുതൽ 17-9-25 വരെ കാലയളവിലെ മെയിന്റനൻസ് കരാർ പ്രകാരമുള്ള പ്രോജക്ടിന്റെ (Proj No S00 12/25) ഭാഗമായി 1220 എണ്ണം 9W LEDലൈറ്റുകൾ

3,60,970/-ചെലവഴിച്ച് പുതുതായി സ്ഥാപിച്ചതായി കാണുന്നു. ആദ്യ കരാർ കാലയളവിൽ സ്ഥാപിച്ച ലൈറ്റുകൾ കേടാകുന്നവ വാറന്റി കാലയളവിലുള്ളതാണോയെന്നത് നിരീക്ഷിക്കാൻ ഗ്രാമപഞ്ചായത്തിൽ സൗകര്യം ഏർപ്പെടുത്തിയിരുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം19/15-7-25) മറുപടി ലഭ്യമാക്കിയിരുന്നില്ല. അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-24 പാടശേഖരങ്ങളിലെ കൈത്തോട് ശുചീകരണം പദ്ധതി- അപാകതകൾ

| | |
|---|---|
| പ്രോജക്ട് | നം-S0159/25 - തരിശു കൃഷി പ്രോൽസാഹനം-പാടശേഖരങ്ങളിലെ കൈത്തോട് ശുചീകരണം |
| ചെലവ് | 167709 രൂപ ( തനത് ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | സിന്തോൾ തോമസ് |
| ബിൽ വിശദാംശങ്ങൾ | ബിൽ റിക്വസിഷൻ നം-5053013601240091/22.03.25-142709 രൂപ ബി.ആർ.എൻ 5053013601240032/30.09.24 പ്രകാരം 25000 രൂപ |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രസ്തുത തോട് ആഴം കൂട്ടൽ പ്രോജക്ടിന്റെ ഭാഗമായി 2136.725 ക്യുബിക് മീറ്റർ മണ്ണ് നീക്കം ചെയ്ത് ആഴം കൂട്ടിയതായി കാണുന്നു (133.92/$M^3$ രൂപ നിരക്കിൽ) . പദ്ധതിയുടെ ബിൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ മൂല്യം | 286150 |
| ടെണ്ടർ വേരിയേഷൻ- 8.9 % Above2 | 25467 |
| ആകെ | 311617 |
| ജി.എസ്.ടി- 18% നിരക്കിൽ | 56092 |
| ആകെ | 367709 |
| റിക്കവറി- സി.ജി.എസ്.ടി, എസ്.ജി.എസ്.ടി, ഐ.റ്റി, KCWWF (1% വീതം) | -12466 |
| ആകെ | 355243 |

പ്രസ്തുത തുകയിൽ ബി.ആർ.എൻ 5053013601240091/22.03.25 പ്രകാരം 142709 രൂപയും ബി.ആർ.എൻ 5053013601240032/30.09.24 പ്രകാരം 25000 രൂപയും ആകെ ( 167709 രൂപ) തൻവർഷം നൽകിയിട്ടുണ്ട്. (അസി എഞ്ചിനീയർ തയ്യാറാക്കിയ ഫൈനൽ ബിൽ മെമ്മോറാണ്ടം ഓഫ് പെയ്മെന്റ് പ്രകാരം 200000 രൂപ ബ്ലോക്ക് വിഹിതമായി ചെലവഴിച്ചിട്ടുണ്ട്). പരാമർശിത പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) GST കോമ്പൻസേഷൻ അധികനിരക്കിൽ നൽകി

കേരള ഫിനാൻസ് ഡിപ്പാർട്ട്മെന്റ് (വ്യവസായവും പൊതുമരാമത്തും) 15-09-2022 ൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നം 79/22 ഫിൻ പ്രകാരം പ്രവൃത്തിയിൽ പ്രധാനമായും എർത്ത് വർക്ക് മാത്രമാണ് ഉള്ളതെങ്കിൽ 12% ജി എസ് റ്റി കോംപൻസേഷൻ അനുവദിച്ചാൽ മതിയാകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാറുകാരനായ സിന്തോൾ തോമസ് ന് 18% ജി എസ് റ്റി ഉൾപ്പെടുത്തി തുക അനുവദിച്ചതു മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ മൂല്യം | 311617 |
| അനുവദിച്ച ജി.എസ്.ടി. (18%) | 56091 |
| അനുവദിക്കാവുന്ന ജി.എസ്.ടി. (12%) | 37394 |
| അധികം | 18697 |

പ്രവൃത്തിക്കായി GST യിനത്തിൽ 18697 രൂപ (56091- 37394) അധികം കരാറുകാരന് നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിരുന്നില്ല.

2) ഫൈൻ ഈടാക്കിയിട്ടില്ല

2012 ലെ പി.ഡബ്ല്യൂ.ഡി മാനുവലിലെ സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ഇവിടെ ഈ വ്യവസ്ഥകൾ

അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നല്കിയിട്ടില്ല. മാത്രമല്ല, പൊതുമരാമത്ത് മാനുവലിലെ സെക്ഷൻ 2116.1 പ്രകാരം, പ്രവൃത്തി പൂർത്തീകരിക്കാൻ അധികമായി എടുത്ത ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ (PACയുടെ) 0.1% എന്ന നിരക്കിൽ (പരമാവധി കരാർ തുകയുടെ 10%) പൂർത്തീകരണം വൈകിയതിനുള്ള നഷ്ടപരിഹാരം/ലിക്വിഡേറ്റഡ് ഡാമേജ് ആയി ഈടാക്കേണ്ടതാണ്. എന്നാൽ ഈ പ്രവൃത്തിയിൽ 2116.1 പ്രകാരമുള്ള നഷ്ടപരിഹാരം ഈടാക്കാതെയാണ് ഫൈനൽ ബിൽ നല്കിയത്. വിശദവിവരം ചുവടെ ചേർക്കുന്നു. 08.12.2022 തീയതിയിലെ Lsgd/Celsgd/Est_ts/94795/2022_5_1_1 ടെക്നിക്കൽ സാങ്ഷൻ കത്ത് പ്രകാരം പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ കാലാവധി 6 മാസമാണ്. പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടതിനുള്ള കാരണമോ കാലാവധി ദീർഘിപ്പിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയതായോ നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയതായോ ഫയലിൽ കാണുന്നില്ല.

ഫൈൻ ഇനത്തിൽ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടിയിരുന്ന ഫൈനിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സൈറ്റ് കൈമാറിയ തീയതി | 25.02.2023 |
| പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്നത് | 24.08.2023 |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 25.07.2024 (ഫൈനൽ ബിൽ പ്രകാരം) |
| പിഴ ഈടാക്കേണ്ട കാലയളവ് (വരുത്തിയ കാലതാമസം) | 48 ആഴ്ച |
| പി.എ.സി | 402509.95 |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ (4.8%) | 19320 രൂപ |

നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നില്ലെങ്കിൽ പൊതുമരാമത്ത് മാനുവലിൽ അനുശാസിക്കുന്ന വിധം ഫൈൻ ഈടാക്കേണ്ടതായിരുന്നെങ്കിലും ഫയലുകളും രേഖകളും പരിശോധിച്ചതിൽ പ്രസ്തുത ഫൈൻ ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കിയില്ല.

3) ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

500 ക്യുബിക്ക് മീറ്ററിൽ കൂടുതൽ മണ്ണ് നീക്കം ചെയ്യുന്നതിന് ഇനിഷ്യൽ ലെവൽസ് എടുത്ത് ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്തത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പരാമർശിത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/16.07.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ കരാറുകാരന് അധികം നൽകിയ 18697/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ആയത് കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരമറിയിക്കേണ്ടതാണ്. കൂടാതെ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പൊതുമരാമത്ത് മാനുവലിൽ അനുശാസിക്കുന്ന വിധം ഫൈൻ ഈടാക്കേണ്ടതും മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടും ഹാജരാക്കേണ്ടതുമാണ്.

## 1-25 മുട്ടിയാനിക്കുന്ന് കുടിവെള്ള പദ്ധതി മെയിന്റനൻസ്- അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് | നം-S0 194/25- മുട്ടിയാനിക്കുന്ന് കുടിവെള്ള പദ്ധതി മെയിന്റനൻസ് | നം-S0223/25- മുട്ടിയാനിക്കുന്ന് കുടിവെള്ള പദ്ധതി മെയിന്റനൻസ് - ബാലൻസ് തുക നൽകൽ |
| ചെലവ് | 168252 രൂപ ( ധനകാര്യ കമ്മീഷൻ അവാർഡ്) | 83029 രൂപ ( ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ദിൽകുഷ് വി ടി | ദിൽകുഷ് വി ടി |
| ബിൽ വിശദാംശങ്ങൾ | 88/30.08.2024- 168252/- രൂപ | 164/11.11.24- 83029 രൂപ |
| കരാർ നം. | 50/AE/LSGD/MCL/21-22 തീ.15.03.2022 | 50/AE/LSGD/MCL/21-22 തീ.15.03.2022 |
| അളവു പുസ്തകം നം | 68/21-22 & 90/21-22 | 68/21-22 & 90/21-22 |

പദ്ധതിയുടെ ഫൈനൽ ബിൽ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ മൂല്യം | 212950 |
| ജി.എസ്.ടി- 18% നിരക്കിൽ | 38331 |
| ആകെ | 251281 |
| | |

| | |
|---|---|
| റിക്കവറി- സി.ജി.എസ്.ടി, എസ്.ജി.എസ്.ടി, ഐ.റ്റി, KCWWF (1% വീതം), എന്നിവ | 8520 |
| ഫൈൻ | 2129 |
| ആകെ | 240632 |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജി.എസ്.ടി ഇനത്തിൽ കരാറുകാരന് തുക അധികം നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ ഫൈനൽ ബിൽ, എം ബുക്ക് എന്നിവ പ്രകാരം ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്കാണ് തൻ വർഷം തുക നൽകിയിട്ടുള്ളത്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | 18.19.5.2- Providing And Fixing Gun Metal Non Return Valve | 2400 |
| 2 | Lumpsum Amount Of Erection Of Pump Set And Automatic Controlling Set | 140942 |
| 3 | Supplying And Laying HDPE Pipes | 69608 |
| | ആകെ | 212950 |

ആമ്പിൾ ഇലക്ട്രിക്കൽ വർക്സ്, ഗ്രേറ്റ് ടെക് ഇലക്ട്രിക്കൽസ് ആന്റ് സാനിവെയേഴ്സ് എന്നീ സ്ഥാപനങ്ങളിൽ നിന്ന് 140942 രൂപക്കുള്ള പമ്പ് സെറ്റ്, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ (ക്രമ നം 2 ) ഹാജരാക്കുകയും അതനുസരിച്ചാണ് കരാറുകാരന് തുക അനുവദിക്കുകയും ചെയ്തിട്ടുള്ളത്. ക്രമ നം 2 പ്രകാരമുള്ള തുകയുടെ ജി.എസ്.ടി, ഉപകരണങ്ങൾ വാങ്ങിയപ്പോൾത്തന്നെ ഒടുക്കിയിട്ടുള്ളതിനാൽ ഫൈനൽ ബില്ലിൽ ജി.എസ്.ടി കണക്കാക്കുമ്പോൾ 72008 രൂപ (140942 രൂപ ഒഴികെയുള്ളത്) പരിഗണിച്ചാൽ മതിയാകുന്നതാണ്. ആയത് പ്രകാരം ജി.എസ്.ടി ഇനത്തിൽ 12961 രൂപയാണ് (72008*0.18= 12961) കരാറുകാരന് നൽകേണ്ടിയിരുന്നതെങ്കിലും പദ്ധതിയുടെ ഫൈനൽ ബിൽ പ്രകാരം 212950 രൂപയുടെ 18 ശതമാനമായ 38331 രൂപയാണ് നൽകിയിട്ടുള്ളത്.

കരാറുകാരന് ജി.എസ്.ടി ഇനത്തിൽ 25370 രൂപ കൂടുതൽ നൽകിയതിന് (38331-12961= 25370 രൂപ) വിശദീകരണം ലഭ്യമാക്കിയില്ല.

2) ഫൈൻ പൂർണ്ണമായും ഈടാക്കിയിട്ടില്ല

ഒരു പ്രവൃത്തിയുടെ പൂർത്തീകരണത്തിന് അനുവദനീയമായ കാലയളവിന് ശേഷമുള്ള കാലതാമസത്തിന് ഓരോ ആഴ്ചയിലും കരാർത്തുകയുടെ 0.1% നിരക്കിലുള്ള തുക നഷ്ടപരിഹാരമായി ഈടാക്കണമെന്നും ആയതിന്റെ പരമാവധി കരാർത്തുകയുടെ 10% ആയിരിക്കണമെന്നും 2.4.24-ലെ ജി.ഒ.(എം.എസ്.)നം. 21/24പി.ഡബ്ല്യു.ഡി.ഉത്തരവിൽ പരാമർശിക്കുന്നുണ്ട്. 08.12.2022 തീയതിയിലെ 72932/21-22 ടെക്നിക്കൽ സാങ്ഷൻ പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ കാലാവധി 5 മാസമാണ്. പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടതിനുള്ള കാരണമോ കാലാവധി ദീർഘിപ്പിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയതായോ നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയതായോ ഫയലിൽ കാണുന്നില്ല.

ഫൈൻ ഇനത്തിൽ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടിയിരുന്ന തുക ചുവടെ ചേർക്കുന്നു.

| | |
|---|---|
| സൈറ്റ് കൈമാറിയ തീയതി | 15.03.2022 |
| പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്നത് | 14.08.2022 |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 31.03.2023 (ഫൈനൽ ബിൽ പ്രകാരം) |
| പിഴ ഈടാക്കേണ്ട കാലയളവ് (വരുത്തിയ താലതാമസം) | 32 ആഴ്ച |
| പി.എ.സി | 442942.79 |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ @3.2% | 14174 രൂപ |
| ഈടാക്കിയ ഫൈൻ | 2129 |

നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നില്ലെങ്കിൽ പൊതുമരാമത്ത് മാനുവലിൽ അനുശാസിക്കുന്ന വിധം ഫൈൻ ഈടാക്കാത്തതിനാൽ 12045 രൂപ (14174-2129= 12045) കരാറുകാരന് അധികം നൽകിയതായി കാണുന്നു.

പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/16.07.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കരാറുകാരന് ജി.എസ്.ടി ഇനത്തിൽ അധികം നൽകിയ 25370 രൂപയുടെ ചെലവ് നിരാകരിക്കുന്നു. ആയത് കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരമറിയിക്കേണ്ടതാണ്. കൂടാതെ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പൊതുമരാമത്ത് മാനുവലിൽ അനുശാസിക്കുന്ന വിധം ഫൈൻ ഈടാക്കിയും അധികമായി നൽകിയ ജി.എസ്.ടി. തുക 25370 രൂപ ഈടാക്കിയും വിവരമറിയിക്കേണ്ടതാണ്.

## 1-26 കുടിവെള്ള പദ്ധതികൾ - പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല

2024-25 സാമ്പത്തിക വർഷം മീനച്ചിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ചെയ്ത താഴെ പറയുന്ന കുടിവെള്ള പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇവ പൂർത്തിയാക്കിയതിന്റെ

വിവരങ്ങൾ ഫയലിൽ ലഭ്യമല്ല

| ക്രമ നം | കുടിവെള്ള പദ്ധതി | തുക | ബിൽ വിശദാംശങ്ങൾ |
|---|---|---|---|
| 1 | മുട്ടിയാനിക്കുന്ന് കുടിവെള്ള പദ്ധതി മെയിന്റനൻസ് (പ്രോജക്ട് നം- 194/25& 223/25) | 252281 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 88/30.08.24- 168252 രൂപ & 164/11.11.24- 83029 രൂപ |
| 2 | പാറപ്പള്ളി കുടിവെള്ള പദ്ധതി മെയിന്റനൻസ് (182/25) | 337809 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ബിൽ നം- 453/20.03.25- 337809 രൂപ |
| 3 | എസ്,സി കോളനി കുടിവെള്ള പദ്ധതി- ടാങ്ക് നവീകരണം (224/25) | 90206 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ബിൽ നം- 484/24.03.25- 90206 രൂപ |

പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കി ഉപയോഗക്ഷമമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(25/16-7-25) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതികൾ പ്രകാരമുള്ള 6,79,296/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പരാമർശിത പദ്ധതികൾ ജലവിതരണം പൂർത്തിയാക്കി ഉപയോഗക്ഷമമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

### 1-27 പഞ്ചായത്ത് റോഡുകൾക്ക് നെയിംബോർഡ് സ്ഥാപിക്കൽ പദ്ധതി- ബോർഡുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല

| | |
|---|---|
| പ്രേജക്ട് | നം- S0184/25- പഞ്ചായത്ത് റോഡുകൾക്ക് നെയിംബോർഡ് സ്ഥാപിക്കൽ പദ്ധതി |
| ചെലവ് | 476855 രൂപ ( തനത് ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | മനോജ് ടി ജി |
| ബിൽ വിശദാംശങ്ങൾ | ബിൽ റിക്വസിഷൻ നം- 5053013601240063/04.03.25 |
| കരാർ നം. | 35-1/AE/LID&EW/MCH-23-24 തീ.13.03.2024 |

റോഡുകളിൽ നെയിംബോർഡുകൾ സ്ഥാപിക്കുന്നതിനായി നടപ്പാക്കിയ പ്രസ്തുത പദ്ധതിയുടെ LSGD/CELSGD/EST/11293/2024_5_1/RE 1 ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്, ഫൈനൽ ബിൽ എന്നിവ പ്രകാരം 50 നെയിംബോർഡുകള് ( 1.22*1*0.910 ) സ്ഥാപിക്കുന്നതിനായി 476855 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നെയിംബോർഡുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയതിനാൽ പ്രസ്തുത നെയിംബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടെന്നതിൽ വ്യക്തതയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/16.07.25) മറുപടി ലഭ്യമായിട്ടില്ല. ഈയിനത്തിലെ 476855 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പരാമർശിത നെയിംബോർഡുകൾ പഞ്ചായത്തിലെ ഏതൊക്കെ സ്ഥലങ്ങളിൽ (വാർഡുകൾ) സ്ഥാപിച്ചു എന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-28 മരാമത്ത് പ്രവൃത്തികളിൽ കൂലി ഇനത്തിൽ തുക അനുവദിച്ചു - വിശദീകരണം ലഭ്യമാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ കൊടുത്തിരിക്കുന്ന പദ്ധതികളുടെ എസ്റ്റിമേറ്റിലും ഫൈനൽ ബില്ലിലും കൂലി ( OD -Coolie) എന്ന ഇനത്തിൽ ഉൾപ്പെടുത്തി തുക അനുവദിച്ചതായി കാണുന്നു.

| ക്രമ നം | പദ്ധതി | ചെലവ് ബിൽ വിശദാംശങ്ങൾ | ഇനം | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | പ്രോജക്ട് നം.- S0 182/25 പാറപ്പള്ളി കുടിവെള്ള പദ്ധതി മെയിന്റനൻസ് | ചെലവ്- 337809 രൂപ ( ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ബിൽ നം- 453/20.03.25- 337809 രൂപ | OD335900/2023-24: Coolie | 19419 (970.95*20) | ഫൈനൽ ബില്ലിലെ 8ഇനമായി ഉൾപ്പെടുത്തിയിരിക്കുന്നു. |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2 | പ്രോജക്ട് നം.- S0 217/25 മീനച്ചിൽ ഗ്രാമപഞ്ചായത്ത് മീനച്ചിൽ തോടിന് വെള്ളാങ്കയം തോടിന് സംരക്ഷണ ഭിത്തി നിർമ്മാണം | ചെലവ്- 523872 രൂപ ( ബ്ലോക്ക് പഞ്ചായത്ത്) ബിൽ നം 50/24.03.25- 523872 രൂപ | OD512846/24-25: Coolie | 5412 (773.22*7) | ഫൈനൽ ബില്ലിലെ 5-ാം ഇനമായി ഉൾപ്പെടുത്തിയിരിക്കുന്നു. |
| 3 | പ്രോജക്ട് നം.- S061/25 – ഗവ സ്കൂൾ പുനരുദ്ധാരണം | ചെലവ്- 187448 രൂപ (റോഡിതരം) ബിൽ നം- 451/20.03.25- 187448 രൂപ | OD507578/24-25 Coolie | 17685 (20*884.29) | ഫൈനൽ ബില്ലിലെ 4-ാം ഇനമായി ഉൾപ്പെടുത്തിയിരിക്കുന്നു. |
| | | | ആകെ | 42,516 | |

എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇനങ്ങളുടെ നിരക്ക് കണക്കാക്കുന്നത് ലേബർ ചാർജ്ജ് ഉൾപ്പെടെയാണെന്നിരിക്കെ കൂലി ഇനത്തിൽ തുക നൽകിയിരിക്കുന്നതെന്തിനാണെന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/16.7.25) മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ ഈയിനങ്ങളിലെ 42516/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-29 എഫ്. എച്ച് സി കിഴപറയാർ- ദ്രവ്യ മാലിന്യ പരിപാലനം പ്രോജക്ട്- അപാകതകൾ

| | |
|---|---|
| പ്രോജക്ട് | നം- S0208/25- എഫ്. എച്ച് സി കിഴപറയാർ- ദ്രവ്യ മാലിന്യ പരിപാലനം |
| അടങ്കൽ | 47,00,000 |
| ചെലവ് | 926000 രൂപ ( സംസ്ഥാനാവിഷകൃത ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | മനോജ് ടി ജി |
| ബിൽ വിശദാംശങ്ങൾ | ബിൽ റിക്വസിഷൻ നം- 5053013601240046/27.01.25- 926000 |
| കരാർ നം. | 01/AE/LID&EW/MCL-24-25 തീ.05.07.2024 |

മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ എഫ് എച്ച് സി പരിസരത്ത് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സജ്ജീകരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ 11.05.23 ലെ 1 / 2 നം തീരുമാന പ്രകാരം ഐ.ആർ.ടി.സിയെ നിർവ്വഹണ ഏജൻസിയായി അംഗീകരിച്ചിരുന്നു. പദ്ധതി തുകയുടെ 20% ആയ 926000 രൂപ അനുവദിക്കണമെന്ന അസിസ്റ്റന്റ് എഞ്ചിനീയർ (27.01.25 തീയതിയിലെ 1-27/AE/LID&EW/MCL/24-25 നം കത്ത്), സെക്രട്ടറി ഐ.ആർ.ടി.സി (10.01.25 ലെ IRTC-PIU/094/25 നം കത്ത്) എന്നിവരുടെ കത്ത് പരിഗണിച്ച് പരാമർശിത ബിൽ പ്രകാരം 926000 രൂപ കൈമാറിയിട്ടുണ്ട്. (ഐ.ആർ.ടി.സിയുടെ 35951276401 നം അക്കൗണ്ടിലേക്ക് 888960, Kbocww Board- 9260, GST-18520, IT-9260)
പ്രസ്തുത പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1. എസ്റ്റിമേറ്റ്, ടെക്നിക്കൽ സാങ്ഷൻ എന്നിവ ഹാജരാക്കിയിട്ടില്ല.</u>

പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ്, ടെക്നിക്കൽ സാങ്ഷൻ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദമായ എസ്റ്റിമേറ്റ് ഇല്ലാത്തതിനാൽ പദ്ധതിയുടെ പ്രതീക്ഷിത ചെലവ് എത്രയെന്ന വ്യക്തമല്ല

<u>2) പദ്ധതി ആരംഭിച്ചിട്ടില്ല</u>

നിലവിൽ 926000 രൂപ ഐ.ആർ.ടി.സിക്ക് കൈമാറിയിട്ടുണ്ടെങ്കിലും പദ്ധതി ആരംഭിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

3) ഇൻകം ടാക്സ് ആക്ട് 1961 സെക്ഷൻ 194 C പ്രകാരം കരാർ സ്ഥാപനങ്ങൾക്ക് നൽകുന്ന തുകയുടെ 2% ടി.ഡി.എസ്. (ഐ.ടി.) ഈടാക്കേണ്ടതായിരുന്നെങ്കിലും (18520) പ്രസ്തുത പ്രവൃത്തിയുടെ ബില്ലുകൾ പരിശോധിച്ചതിൽ തുകയുടെ 1% ആണ് ഈയിനത്തിൽ ഈടാക്കിയതായി കാണുന്നത്.

പരാമർശിത അപാതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/16.07.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിലെ 926000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-30 കരാർ പ്രവൃത്തികളിൽ - ഇൻഷുറൻസ് എടുക്കുന്നില്ല

പൊതുമരാമത്ത് പ്രവർത്തികളിൽ ഓരോ പ്രവൃത്തികളും പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം ഇൻഷ്വറൻസ് കവറേജ് എടുത്ത് (കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/-മാക്സിമം 5,00,000/-) കരാറുകാരൻ സമർപ്പിക്കേണ്ടതാണെന്ന് ലെറ്റർ ഓഫ് അക്സെപ്റ്റൻസിലും, എഗ്രിമെന്റിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം

ഇൻഷുറൻസ് എടുത്ത് ആയതിന്റെ രേഖകൾ ഹാജരാക്കാത്തവരിൽ നിന്നും കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. താഴെപ്പറയുന്ന പ്രവർത്തികളുടെ കരാറുകാർ ഇപ്രകാരം നിശ്ചിത തുകയ്ക്കുള്ള ഇൻഷുറൻസ് എടുത്ത് ആയതിന്റെ രേഖകൾ പഞ്ചായത്തിൽ ഹാജരാക്കിയതായി കാണുന്നില്ല. ഫൈനൽ ബില്ലുകൾ പരിശോധിച്ചതിൽ ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കാത്ത കരാറുകാരിൽ നിന്നും നിശ്ചിത നിരക്കിൽ ഫൈൻ ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം | പ്രോജക്റ്റ് | കരാറുകാരൻ | പി.എ.സി | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|
| 1 | പ്രോജക്റ്റ് S0 142/25- ചിലമ്പിൽ കുന്ന് പുത്തൻപുര റോഡ് പുനരുദ്ധാരണം വാർഡ് 4 | ജെയിംസ് ജേക്കബ് | 492154 | 984 |
| 2 | S0 184/25- പഞ്ചായത്ത് റോഡുകൾക്ക് നെയിംബോർഡുകൾ സ്ഥാപിക്കൽ | ടി.ജി മനോജ് | 421577 | 843 |
| 3 | S0 139/25- ചെറുപുഷ്പം-മാപ്പലകയിൽ റോഡ് പുനരുദ്ധാരണം | തോമസ് ജോർജ്ജ് | 876726 | 1754 |

പ്രവൃത്തി സംബന്ധമായി ഉണ്ടാകുന്ന അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായാണ് ഈ വ്യവസ്ഥ കരാറിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പരാമർശിത കരാറുകാരടക്കം പഞ്ചായത്ത് മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്ന എല്ലാ കരാറുകാരും മതിയായ തുകയ്ക്കുള്ള ഇൻഷ്വറൻസ് എടുപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഫൈൻ തുക വളരെ കുറവായതിനാൽ കരാറുകാർ ഇൻഷ്വറൻസ് എടുക്കുന്നതിന് പകരമായി ഫൈൻ ഒടുക്കുന്ന പ്രവണത ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഫൈൻ ഈടാക്കുന്നതോടെ ഇൻഷുറൻസ് പരിരക്ഷ ആവശ്യമില്ലാതാവുന്നില്ല. ഇൻഷുറൻസ് എടുത്തിട്ടില്ലാത്തതും നിലവിൽ പൂർത്തീകരിച്ചതുമായ പ്രവർത്തികളുടെ ഡിഫക്റ്റ് ലയബിലിറ്റി പീരീഡ് കഴിയുന്നതിനുള്ളിൽ ഉണ്ടായേക്കാവുന്ന നഷ്ടങ്ങൾക്കു നഷ്ടപരിഹാരം നൽകുന്നതിനായി കരാറുകാരനിൽ നിന്നും നഷ്ടപരിഹാര ബോണ്ട് വാങ്ങിയതിന് ശേഷം മാത്രമേ ബിൽ തുക അനുവദിക്കാവൂ എന്ന ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ പ്രവൃത്തികളുടെയും ഇൻഷുറൻസ് എടുക്കുന്നുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. മേൽ പ്രവൃത്തിയുടെ ബില്ലിൽ നിന്നും പട്ടികയിൽ പറഞ്ഞതു പ്രകാരം ഫൈൻ ഈടാക്കേണ്ടതാണ്.

## 1-31 കരാർ പ്രവൃത്തികളുടെ പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയതിലെ അപാകതകൾ

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2024-25 വർഷം നടപ്പിലാക്കിയിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തി കരാർ പ്രകാരമുള്ള കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. 2012 ലെ പി.ഡബ്ല്യൂ.ഡി മാനുവലിലെ സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ഈ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നല്കിയിട്ടില്ല. ആയതിനാൽ, പൊതുമരാമത്ത് മാനുവലിലെ സെക്ഷൻ 2116.1 പ്രകാരം, പ്രവൃത്തി പൂർത്തീകരിക്കാൻ അധികമായി എടുത്ത ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ (PACയുടെ) 0.1% എന്ന നിരക്കിൽ (പരമാവധി കരാർ തുകയുടെ 10%) പൂർത്തീകരണം വൈകിയതിനുള്ള നഷ്ടപരിഹാരം/ലിക്വിഡേറ്റഡ് ഡാമേജ് ആയി ഈടാക്കേണ്ടതാണ്. എന്നാൽ ഈ പ്രവൃത്തിയിൽ 2116.1 പ്രകാരമുള്ള നഷ്ടപരിഹാരം ഈടാക്കാതെയാണ് ഫൈനൽ ബിൽ നല്കിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രവൃത്തിയുടെ പേര്, കരാറുകാരൻ | പ്രോജക്റ്റ് - നം S0 171/25 അംഗനവാടികൾ ശിശു സൗഹൃദമാക്കൽ 789978 (റോഡിതരം) | നം- S0184/24-25- ആസ്തി പരിപാലനം പഞ്ചായത്ത് റോഡുകൾക്ക് നെയിംബോർഡ് സ്ഥാപിക്കൽ പദ്ധതി- 476855 രൂപ ( തനത് ഫണ്ട്) |
| പൂർത്തീകരണ കാലയളവ്, | ഒരു വർഷം | 6 മാസം |
| സൈറ്റൈകമാറിയ തീയതി | 16.03.2023 | 16.04.2024 |
| പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്നത് | 15.03.2024 | 15.10.2024 |
| പ്രവൃത്തി പൂർത്തിയാക്കിയത് | 22.03.2025 (ഫൈനൽ ബിൽ പ്രകാരം) | 21.02.2025 (ഫൈനൽ ബിൽ പ്രകാരം) |

| | | |
|---|---|---|
| കരാറുകാരൻ | സിജോ കെ. എം. | മനോജ് ടി. ജി. |
| പിഴ ഈടാക്കേണ്ട കാലയളവ് | 53 ആഴ്ച | 18 ആഴ്ച |
| പി.എ.സി | 733730 രൂപ | 421577 |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | 38888 രൂപ (@5.3%) | 7588 രൂപ (@1.8%) |
| ഈടാക്കിയ ഫൈൻ | 1825 രൂപ | 0 |
| കുറവ് | 37063/-രൂപ | 7588/-രൂപ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/10.07.25) മറുപടി ലഭ്യമാക്കിയില്ല. പരാമർശിത പ്രവൃത്തികൾ ഉൾപ്പെടെ കരാർ പ്രകാരമുള്ള കാലാവധിക്കുള്ളിൽ മരാമത്ത് പ്രവത്തികൾ പൂർത്തീകരിക്കാത്ത എല്ലാ കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കി വിവരമറിയിക്കേണ്ടതാണ്

## 1-32 ഇ- ടെണ്ടർ ഫീസ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

ഇ- ടെണ്ടർ ഫീസ് സ്വീകരിക്കുന്നതിനായി അസി.എഞ്ചിനീയറുടെ (LID & EW) പേരിൽ ആരംഭിച്ചിട്ടുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ 67338839536 നമ്പർ അക്കൗണ്ടിൽ 31.03.2025 തീയതിയിൽ 64735.84 രൂപ അവശേഷിക്കുന്നുണ്ട്. ഇ-ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമായത് കൊണ്ട് മേൽ തുക പഞ്ചായത്ത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ടതായിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്ന തുകയിൽ ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുക പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-33 ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റ് നം | S0112/24-25 |
| പ്രോജക്ടിന്റെ പേര് | മാലിന്യ നിർമ്മാർജ്ജനം – റിംഗ് കമ്പോസ്റ്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പൂവരണി സർക്കിൾ |
| അടങ്കൽ | 580000, ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 8100 തനത് ഫണ്ട് + 500000 ജില്ലാ പഞ്ചായത്ത് വിഹിതം + 120900 ഗുണഭാക്തൃ വിഹിതം = 1209000 |
| ചെലവ് | 580000, ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

മേൽ പദ്ധതി പ്രകാരം 2930 രൂപ വിലയുള്ള 401 റിംഗ് കമ്പോസ്റ്റുകൾ ഇൻവോയ്സ് നം. NB2B/24-25/046 തീയതി. 03.01.2025 (260 Nos), ഇൻവോയ്സ് നം. NB2B/24-25/085 തീയതി. 22.03.2025 (141 Nos) എന്നിവ പ്രകാരം ഐ ആർ റ്റി സി എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി ഫയലിൽ കാണുന്നു. എന്നാൽ മേൽ പ്രോജക്ടിനായി രസീത് ബുക്കുകൾ നം. 3593, 3594, 3600, 3601, 3615 എന്നിവ പ്രകാരം പിരിച്ചെടുത്ത 10% ഗുണഭോക്തൃ വിഹിതമായ 117493 രൂപ (293 X 401) ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ഗുണഭോക്തൃ വിഹിതം ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/15.07.2025) മറുപടി ലഭ്യമായിട്ടില്ല. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള ചെലവാണ് പൂർത്തീകരിച്ചത്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഗുണഭോക്തൃ വിഹിതമായി ഈടാക്കിയ തുക കൂടി ചെലവഴിച്ച് അറിയിക്കേണ്ടതാണ്.

## 1-34 വീട് വാസയോഗ്യമാക്കൽ - വാല്യുവേഷനിൽ അധികരിച്ച് തുക നൽകിയിരിക്കുന്നു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന ഭവന പുനരുദ്ധാരണ പദ്ധതിയിൽ ഗുണഭോക്താവ് പണി പൂർത്തിയാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം | S0151/24-25 |
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ – ജനറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പൂവരണി സർക്കിൾ |
| അടങ്കൽ | 262524, വികസന ഫണ്ട് – ജനറൽ |
| | |

| | |
|---|---|
| ചെലവ് | 262524, വികസന ഫണ്ട് – ജനറൽ |
| ബിൽ നം., തീയതി | 1/28.07.2024 – 175000<br>3/02.08.2024 – 12524<br>4/28.08.2024 – 50000<br>9/12.12.2024 – 25000 |

2023-24 വർഷത്തിന്റെ തുടർച്ചയായി സ്പിൽ ഓവർ പദ്ധതിയായാണ് മേൽ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. പദ്ധതിയിലെ ഗുണഭോക്താവായ ശ്രീ. ചന്ദ്രശേഖരൻ നായർ, കളമ്പുകാട്ട് എന്നയാൾക്ക് 14.11.2023 ൽ 25000 രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്. എന്നാൽ ടിയാളുടെ ഫയലിൽ സൂക്ഷിച്ചിട്ടുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 18667/- രൂപയ്ക്കാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. കൂടാതെ വാല്യൂവേഷൻ സർട്ടിഫിക്കറ്റിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ/ഓവർസിയറുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല. വാല്യുവേഷൻ തുകയേക്കാൾ കൂടുതൽ തുക അനുവദിച്ചത് തിരികെ ഈടാക്കിയിരുന്നോയെന്നതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/15.07.2025) മറുപടി ലഭ്യമാക്കിയില്ല. വാല്യുവേഷന്റെ ആധികാരികത പരിശോധിക്കേണ്ടതും കൃത്യമായ ചെലവ് തുക കണക്കാക്കി അധികം നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. അധികം നൽകിയ 6,333/- (25000 – 18667) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-35 ഭക്ഷണകിറ്റ് നൽകൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല**

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്റ്റ് നം | S0 121/24-25 |
|---|---|
| പ്രോജക്ടിന്റെ പേര് | അതിദാരിദ്ര്യ നിർമ്മാർജ്ജനം – ഭക്ഷണകിറ്റ് നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 50000, വികസന ഫണ്ട് – ജനറൽ |
| ചെലവ് | 50000, വികസന ഫണ്ട് – ജനറൽ |
| ബിൽ നം. | 5/27.12.24 – 10012<br>6/27.12.24 – 9622<br>15/17.3.25 – 19689<br>19/17.3.25 – 10677 |

ബിൽ നം. 19/17.3.25 പ്രകാരം ചെലവായ 10677 രൂപയിൽ 4554 രൂപയുടെ ചെലവുകൾ സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനക്ക് ലഭ്യമാക്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/16.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ 4554 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-36 മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല**

| | |
|---|---|
| പ്രോജക്ട് | നം- S0004/25- ഗവ. ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നുകൾ വാങ്ങൽ |
| ചെലവ് | 250000 രൂപ (റോഡിതരം) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - ഹോമിയോ |
| ബിൽ വിശദാംശങ്ങൾ | ബിൽ നം- 295/24-25/22.01.25-- 250000 രൂപ |

പ്രസ്തുത പദ്ധതി പ്രകാരം ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിന് ഹോമിയോപതിക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (അക്കൗണ്ട് നം- 34306403911) എന്ന സ്ഥാപനത്തിന് പരാമർശിത ബിൽ പ്രകാരം 250000 രൂപ നൽകി. എന്നാൽ 118252 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളതെന്ന് കാണുന്നു. 131748 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ആയതിനാൽ 131748/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/14.07.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഇൻവോയിസ് ഉൾപ്പെടെ വിവരമറിയിക്കേണ്ടതാണ്.

**1-37 ജൽജീവൻ മിഷൻ പദ്ധതി -അവലോകനം**

100% ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷൻ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച പദ്ധതിയാണ് ജൽജീവൻ മിഷൻ പദ്ധതി. പദ്ധതിയുടെ ഭാഗമായി കേന്ദ്ര-സംസ്ഥാനസർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ജനപങ്കാളിത്തത്തോടെ എല്ലാ ഭവനങ്ങളിലും കുടിവെള്ളമെത്തിക്കുക എന്ന ബൃഹത്തായ പദ്ധതിയ്ക്ക് തുടക്കം കുറിക്കുകയുണ്ടായി. ലക്ഷ്യബോധത്തോടെ പ്രവർത്തിച്ചാൽ ജലക്ഷാമത്തെ അതിജീവിക്കാൻ പ്രാപ്തമാക്കുന്നതായിരുന്നു ടി പദ്ധതി.

മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ മെയിൻ ടാങ്കുകൾ സ്ഥാപിക്കുന്നതിന് താഴെപ്പറയുന്ന മൂന്ന് സ്ഥലങ്ങൾ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് പ്രോജക്ട് നം. S0 156/24 – ജലജീവൻ മിഷൻ

പദ്ധതി സ്ഥലം വാങ്ങൽ എന്ന പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കിയിട്ടുള്ളതാണ്.

| ക്രമ നം. | സ്ഥലം | വില്ലേജ് | സ്ഥലമുടമയുടെ പേരും വിലാസവും | അളവ് |
|---|---|---|---|---|
| 1 | വാർഡ് 13 | പൂവരണി വില്ലേജ് | ശ്രീ. ജോസി ജേക്കബ് അടിച്ചിലാമാക്കൽ | 10 സെന്റ് |
| 2 | വാർഡ് 5 | പൂവരണി വില്ലേജ് | ശ്രീ. ജോസഫ് കിഴക്കേതോട്ടത്തിൽ | 8 സെന്റ് |
| 3 | വാർഡ് 10 | പൂവരണി വില്ലേജ് | ശ്രീ. സജീവ് റ്റി പോൾ തൊടുകയിൽ | 6 സെന്റ് |

06.10.2023 തീയതിയിലെ ഭരണസമിതിയുടെ അടിയന്തിര യോഗത്തിലെ തീരുമാനം നം. 2/1 പ്രകാരം മേൽ സ്ഥലങ്ങൾ കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിന് തീരുമാനിക്കുകയും മേൽ വിവരം വാട്ടർ അതോറിറ്റിയെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയത് പ്രകാരം വാട്ടർ അതോറിറ്റി സ്ഥലപരിശോധന നടത്തിയെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടില്ല. സ്ഥാപനവിഹിതമോ ഗുണഭോക്തൃവിഹിതമോ കൈമാറുന്നതിന് നാളിതുവരെ ഗ്രാമപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് മറ്റ് പ്രോജക്ടുകളും തയ്യാറാക്കിയിട്ടില്ല.
സ്ഥലം വാങ്ങൽ പദ്ധതിയുടെ അടങ്കൽ, ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് | അടങ്കൽ | ചെലവ് | അധിക വിവരം |
|---|---|---|---|---|
| 2023-24 | 156/24 ജൽജീവൻ മിഷൻ പദ്ധതി സ്ഥലം വാങ്ങൽ | 1500000 | 787848 | സ്ഥലം വാങ്ങൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കിയിട്ടുണ്ട് |

മേൽ പദ്ധതിയുടെ തുടർനടപടികൾക്കായി വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെടേണ്ടതും സുസ്ഥിരമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുക എന്ന പദ്ധതി ലക്ഷ്യം ഗ്രാമപഞ്ചായത്ത് തലത്തിൽ സാദ്ധ്യമാക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും ഉണ്ടാവേണ്ടതുമാണ്.

## 1-38 ഹെൽത്ത് ഗ്രാന്റ് - അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. പദ്ധതിയുടെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ളത് താഴെപ്പറയുന്ന സർക്കാർ ഉത്തരവുകളും സർക്കുലറുകളുമാണ്.

| ക്രമ നമ്പർ | ഉത്തരവ് നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

ചുവടെ ചേർക്കുംപ്രകാരമുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനായാണ് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്.

2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

മീനച്ചിൽ ഗ്രാമപഞ്ചായത്തിന് കീഴിൽ അലോപ്പതി - 4 ( കുടുംബാരോഗ്യകേന്ദ്രം-1 + സബ്സെന്ററുകൾ-3), ഹോമിയോപ്പതി - 1, ആയുർവേദ – 2 എന്നിങ്ങനെ 7 ആരോഗ്യസ്ഥാപനങ്ങളാണുള്ളത്. അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി പഞ്ചായത്ത് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

2021-22 വർഷം മുതൽ 2024-25 വർഷം വരെ അനുവദിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്കീം | | 21-22 | 22-23 | 23-24 | 24-25 |
|---|---|---|---|---|---|---|
| 1 | ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | വരവ് | 206447 | **737000** | 308000 | 2024-25 വർഷം ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടില്ല |
| | | ചെലവ് | 206447 | 607525 | 0 | |
| | | ചെലവ് ശതമാനം(%) | 100 | 82.43 | 0 | |
| 2 | ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ പ്രവർത്തനങ്ങൾ നടപ്പാക്കൽ | വരവ് | 110000 | 320000 | 509000 | |
| | | ചെലവ് | 110000 | 320000 | 0 | |
| | | ചെലവ് ശതമാനം(%) | 100 | 100 | 0 | |

2023-24 സാമ്പത്തിക വർഷത്തെ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചു കിട്ടിയത് 2024-25 സാമ്പത്തിക വർഷമാണ്. സ്കീം 3 , സ്കീം 4 എന്നിവയിലുൾപ്പെടുത്തി സാമൂഹ്യാരോഗ്യ കേന്ദ്രത്തിനും സബ്സെന്ററുകൾക്കുമായി വാങ്ങിയ ആശുപത്രി ഉപകരണങ്ങൾ / ഫർണ്ണിച്ചർ എന്നിവ കൃത്യമായി വിതരണം ചെയ്തിട്ടുണ്ട്.

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി കേരള ഗ്രാമീൺ ബാങ്ക് , മീനച്ചിൽ ശാഖയിൽ താഴെപ്പറയുംപ്രകാരം മൂന്ന് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ഇനം | അക്കൗണ്ട് നം |
|---|---|
| ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 40610101084744-കേരള ഗ്രാമീൺ ബാങ്ക് |
| ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 40610101084735-കേരള ഗ്രാമീൺ ബാങ്ക് |

മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ആരോഗ്യ സ്ഥാപനങ്ങളൊന്നും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ല.

സ്കീം 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം 4 ഗ്രാമപ്രദേശങ്ങളിലെ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം ലഭ്യമായ ഗ്രാന്റ് അതത് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവരുന്നു. അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസർ തന്നെയാണ് നിർവ്വഹിക്കുന്നത്. ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ഹെൽത്ത് ഗ്രാന്റ് സംബന്ധമായ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നതായി കാണുന്നില്ല. ഭരണ സമിതി തലത്തിലാണ് പ്രോജക്ടുകൾ രൂപം നൽകുന്നത് സംബന്ധിച്ച ചർച്ചകൾ നടക്കാറുള്ളത്. പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് നിലവിലെ സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്.

ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് സ്കീം 3 പ്രകാരം പരിശീലനം നൽകിയിട്ടുണ്ട്. സ്കീം 4 നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ 13 ഹെൽത്ത് വെൽനസ് സെന്ററുകളാണുള്ളത്. അവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. ആരോഗ്യ വർദ്ധക സേവനങ്ങളായ യോഗ, കൗൺസിലിംഗ് എന്നിവ എല്ലാ മാസവും നടത്തുന്നു. രോഗപ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച ബോധവത്ക്കരണ ക്ലാസുകൾ, ഗ്രൂപ്പ ചർച്ചകൾ എന്നിവയും എല്ലാ മാസവും നടത്തി വരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 8 ഇന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്.

ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവും ഉറപ്പാക്കുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. മേൽ ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗത്തിന് ഭരണസമിതി പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാടശേഖരങ്ങളിലെ കൈത്തോട് ശുചീകരണം പദ്ധതി- അപാകതകൾ

| | |
|---|---|
| പ്രോജക്ട് | നം-S0159/25 - തരിശു കൃഷി പ്രോൽസാഹനം- പാടശേഖരങ്ങളിലെ കൈത്തോട് ശുചീകരണം |
| ചെലവ് | 167709 രൂപ ( തനത് ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | സിന്തോൾ തോമസ് |
| ബിൽ വിശദാംശങ്ങൾ | ബിൽ റിക്വസിഷൻ നം-5053013601240091/22.03.25-142709 രൂപ ബി.ആർ.എൻ 5053013601240032/30.09.24 പ്രകാരം 25000 രൂപ |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രസ്തുത തോട് ആഴം കൂട്ടൽ പ്രോജക്ടിന്റെ ഭാഗമായി 2136.725 ക്യുബിക് മീറ്റർ മണ്ണ് നീക്കം ചെയ്ത് ആഴം കൂട്ടിയതായി കാണുന്നു (133.92/$M^3$ രൂപ നിരക്കിൽ) . പദ്ധതിയുടെ ബിൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ മൂല്യം | 286150 |
| ടെണ്ടർ വേരിയേഷൻ- 8.9 % Above2 | 25467 |
| ആകെ | 311617 |
| ജി.എസ്.ടി- 18% നിരക്കിൽ | 56092 |
| ആകെ | 367709 |
| റിക്കവറി- സി.ജി.എസ്.ടി, എസ്.ജി.എസ്.ടി, ഐ.റ്റി, KCWWF (1% വീതം) | -12466 |
| ആകെ | 355243 |

പ്രസ്തുത തുകയിൽ ബി.ആർ.എൻ 5053013601240091/22.03.25 പ്രകാരം 142709 രൂപയും ബി.ആർ.എൻ 5053013601240032/30.09.24 പ്രകാരം 25000 രൂപയും ആകെ 167709 രൂപ തൻവർഷം നൽകിയിട്ടുണ്ട്. (അസി എഞ്ചിനീയർ തയ്യാറാക്കിയ ഫൈനൽ ബിൽ മെമ്മോറാണ്ടം ഓഫ് പെയ്മെന്റ് പ്രകാരം 200000 രൂപ ബ്ലോക്ക് വിഹിതമായും ചെലവഴിച്ചിട്ടുണ്ട്). പരാമർശിത പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) GST കോമ്പൻസേഷൻ അധികനിരക്കിൽ നൽകി

കേരള ഫിനാൻസ് ഡിപ്പാർട്ട്മെന്റ് (വ്യവസായവും പൊതുമരാമത്തും) 15-09-2022 ൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നം 79/22 ഫിൻ പ്രകാരം പ്രവൃത്തിയിൽ പ്രധാനമായും എർത്ത് വർക്ക് മാത്രമാണ് ഉള്ളതെങ്കിൽ 12% ജി എസ് റ്റി കോംപൻസേഷൻ അനുവദിച്ചാൽ മതിയാകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാറുകാരനായ സിന്തോൾ തോമസ് ന് 18% ജി എസ് റ്റി ഉൾപ്പെടുത്തി തുക അനുവദിച്ചതു മൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ മൂല്യം | 311617 |
| | |

| | |
|---|---|
| അനുവദിച്ച ജി.എസ്.ടി. (18%) | 56091 |
| അനുവദിക്കാവുന്ന ജി.എസ്.ടി. (12%) | 37394 |
| അധികം | 18697 |

പ്രവൃത്തിക്കായി GST യിനത്തിൽ 18697 രൂപ (56091- 37394) അധികം കരാറുകാരന് നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിരുന്നില്ല.

2) ഫൈൻ ഈടാക്കിയിട്ടില്ല

2012 ലെ പി.ഡബ്ല്യൂ.ഡി മാനുവലിലെ സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ഇവിടെ ഈ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നല്കിയിട്ടില്ല. മാത്രമല്ല, പൊതുമരാമത്ത് മാനുവലിലെ സെക്ഷൻ 2116.1 പ്രകാരം, പ്രവൃത്തി പൂർത്തീകരിക്കാൻ അധികമായി എടുത്ത ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ (PACയുടെ) 0.1% എന്ന നിരക്കിൽ (പരമാവധി കരാർ തുകയുടെ 10%) പൂർത്തീകരണം വൈകിയതിനുള്ള നഷ്ടപരിഹാരം/ലിക്വിഡേറ്റഡ് ഡാമേജ് ആയി ഈടാക്കേണ്ടതാണ്. എന്നാൽ ഈ പ്രവൃത്തിയിൽ 2116.1 പ്രകാരമുള്ള നഷ്ടപരിഹാരം ഈടാക്കാതെയാണ് ഫൈനൽ ബിൽ നല്കിയത്. വിശദവിവരം ചുവടെ ചേർക്കുന്നു. 08.12.2022 തീയതിയിലെ Lsgd/Celsgd/Est_ts/94795/2022_5_1_1 ടെക്നിക്കൽ സാങ്ഷൻ കത്ത് പ്രകാരം പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ കാലാവധി 6 മാസമാണ്. പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടതിനുള്ള കാരണമോ കാലാവധി ദീർഘിപ്പിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയതായോ നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയതായോ ഫയലിൽ കാണുന്നില്ല.

ഫൈൻ ഇനത്തിൽ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടിയിരുന്ന ഫൈനിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സൈറ്റ് കൈമാറിയ തീയതി | 25.02.2023 |
| പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്നത് | 24.08.2023 |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 25.07.2024 (ഫൈനൽ ബിൽ പ്രകാരം) |
| പിഴ ഈടാക്കേണ്ട കാലയളവ് (വരുത്തിയ കാലതാമസം) | 48 ആഴ്ച |
| പി.എ.സി | 402509.95 |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ (4.8%) | 19320 രൂപ |

നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നില്ലെങ്കിൽ പൊതുമരാമത്ത് മാനുവലിൽ അനുശാസിക്കുന്ന വിധം ഫൈൻ ഈടാക്കേണ്ടതായിരുന്നെങ്കിലും ഫയലുകളും രേഖകളും പരിശോധിച്ചതിൽ പ്രസ്തുത ഫൈൻ ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കിയില്ല.

3) ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

500 ക്യൂബിക്ക് മീറ്ററിൽ കൂടുതൽ മണ്ണ് നീക്കം ചെയ്യുന്നതിന് ഇനിഷ്യൽ ലെവൽസ് എടുത്ത് ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്തത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പരാമർശിത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/16.07.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ കരാറുകാരന് അധികം നൽകിയ 18697/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ആയത് കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരമറിയിക്കേണ്ടതാണ്. കൂടാതെ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പൊതുമരാമത്ത് മാനുവലിൽ അനുശാസിക്കുന്ന വിധം ഫൈൻ ഈടാക്കേണ്ടതും മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടും ഹാജരാക്കേണ്ടതുമാണ്.

## 3-2 മുട്ടിയാനിക്കുന്ന് കുടിവെള്ള പദ്ധതി മെയിന്റനൻസ്- അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് | നം-S0 194/25- മുട്ടിയാനിക്കുന്ന് കുടിവെള്ള പദ്ധതി മെയിന്റനൻസ് | നം-S0223/25- മുട്ടിയാനിക്കുന്ന് കുടിവെള്ള പദ്ധതി മെയിന്റനൻസ് - ബാലൻസ് തുക നൽകൽ |
| ചെലവ് | 168252 രൂപ ( ധനകാര്യ കമ്മീഷൻ അവാർഡ്) | 83029 രൂപ ( ധനകാര്യ കമ്മീഷൻ അവാർഡ്) |

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ദിൽകുഷ് വി ടി | ദിൽകുഷ് വി ടി |
| ബിൽ വിശദാംശങ്ങൾ | 88/30.08.2024- 168252/- രൂപ | 164/11.11.24- 83029 രൂപ |
| കരാർ നം. | 50/AE/LSGD/MCL/21-22 തീ.15.03.2022 | 50/AE/LSGD/MCL/21-22 തീ.15.03.2022 |
| അളവു പുസ്തകം നം | 68/21-22 & 90/21-22 | 68/21-22 & 90/21-22 |

പദ്ധതിയുടെ ഫൈനൽ ബിൽ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ മൂല്യം | 212950 |
| ജി.എസ്.ടി- 18% നിരക്കിൽ | 38331 |
| ആകെ | 251281 |
| റിക്കവറി- സി.ജി.എസ്.ടി, എസ്.ജി.എസ്.ടി, ഐ.റ്റി, KCWWF (1% വീതം), എന്നിവ | 8520 |
| ഫൈൻ | 2129 |
| ആകെ | 240632 |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1) ജി.എസ്.ടി ഇനത്തിൽ കരാറുകാരന് തുക അധികം നൽകി</u>

അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ ഫൈനൽ ബിൽ, എം ബുക്ക് എന്നിവ പ്രകാരം ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്കാണ് തൻ വർഷം തുക നൽകിയിട്ടുള്ളത്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | 18.19.5.2- Providing And Fixing Gun Metal Non Return Valve | 2400 |
| 2 | Lumpsum Amount Of Erection Of Pump Set And Automatic Controlling Set | 140942 |
| 3 | Supplying And Laying HDPE Pipes | 69608 |
| | ആകെ | 212950 |

ആമ്പിൾ ഇലക്ട്രിക്കൽ വർക്സ്, ഗ്രേറ്റ് ടെക് ഇലക്ട്രിക്കൽസ് ആന്റ് സാനിവെയേഴ്സ് എന്നീ സ്ഥാപനങ്ങളിൽ നിന്ന് 140942 രൂപക്കുള്ള പമ്പ് സെറ്റ്, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ (ക്രമ നം 2 ) ഹാജരാക്കുകയും അതനുസരിച്ചാണ് കരാറുകാരന് തുക അനുവദിക്കുകയും ചെയ്തിട്ടുള്ളത്. ക്രമ നം 2 പ്രകാരമുള്ള തുകയുടെ ജി.എസ്.ടി, ഉപകരണങ്ങൾ വാങ്ങിയപ്പോൾത്തന്നെ ഒടുക്കിയിട്ടുള്ളതിനാൽ ഫൈനൽ ബില്ലിൽ ജി.എസ്.ടി കണക്കാക്കുമ്പോൾ 72008 രൂപ (140942 രൂപ ഒഴികെയുള്ളത്) പരിഗണിച്ചാൽ മതിയാകുന്നതാണ്. ആയത് പ്രകാരം ജി.എസ്.ടി ഇനത്തിൽ 12961 രൂപയാണ് (72008*0.18= 12961) കരാറുകാരന് നൽകേണ്ടിയിരുന്നതെങ്കിലും പദ്ധതിയുടെ ഫൈനൽ ബിൽ പ്രകാരം 212950 രൂപയുടെ 18 ശതമാനമായ 38331 രൂപയാണ് നൽകിയിട്ടുള്ളത്.

കരാറുകാരന് ജി.എസ്.ടി ഇനത്തിൽ 25370 രൂപ (38331-12961)കൂടുതൽ നൽകിയതിന് വിശദീകരണം ലഭ്യമാക്കിയില്ല.

<u>2) ഫൈൻ പൂർണ്ണമായും ഈടാക്കിയിട്ടില്ല</u>

ഒരു പ്രവൃത്തിയുടെ പൂർത്തീകരണത്തിന് അനുവദനീയമായ കാലയളവിന് ശേഷമുള്ള കാലതാമസത്തിന് ഓരോ ആഴ്ചയിലും കരാർത്തുകയുടെ 0.1% നിരക്കിലുള്ള തുക നഷ്ടപരിഹാരമായി ഈടാക്കണമെന്നും ആയതിന്റെ പരമാവധി കരാർത്തുകയുടെ 10% ആയിരിക്കണമെന്നും 2.4.24-ലെ ജി.ഒ.(എം.എസ്.)നം. 21/24പി.ഡബ്ല്യു.ഡി.ഉത്തരവിൽ പരാമർശിക്കുന്നുണ്ട്. 08.12.2022 തീയതിയിലെ 72932/21-22 ടെക്നിക്കൽ സാങ്ഷൻ പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ കാലാവധി 5 മാസമാണ്. പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടതിനുള്ള കാരണമോ കാലാവധി ദീർഘിപ്പിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകിയതായോ നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയതായോ ഫയലിൽ കാണുന്നില്ല.

ഫൈൻ ഇനത്തിൽ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടിയിരുന്ന തുക ചുവടെ ചേർക്കുന്നു.

| | |
|---|---|
| സൈറ്റ് കൈമാറിയ തീയതി | 15.03.2022 |
| പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്നത് | 14.08.2022 |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 31.03.2023 (ഫൈനൽ ബിൽ പ്രകാരം) |
| പിഴ ഈടാക്കേണ്ട കാലയളവ് (വരുത്തിയ താലതാമസം) | 32 ആഴ്ച |
| പി.എ.സി | 442942.79 |
| | |

| | |
|---|---|
| ഈടാക്കേണ്ടിയിരുന്ന ഫൈൻ @3.2% | 14174 രൂപ |
| ഈടാക്കിയ ഫൈൻ | 2129 |

നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നില്ലെങ്കിൽ പൊതുമരാമത്ത് മാനുവലിൽ അനുശാസിക്കുന്ന വിധം ഫൈൻ ഈടാക്കാത്തതിനാൽ 12045 രൂപ (14174-2129= 12045) കരാറുകാരന് അധികം നൽകിയതായി കാണുന്നു.
പ്രസ്തുത അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/16.07.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കരാറുകാരന് ജി.എസ്.ടി ഇനത്തിൽ അധികം നൽകിയ 25370 രൂപയുടെ ചെലവ് നിരാകരിക്കുന്നു. ആയത് കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരമറിയിക്കേണ്ടതാണ്. കൂടാതെ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പൊതുമരാമത്ത് മാനുവലിൽ അനുശാസിക്കുന്ന വിധം ഫൈൻ ഈടാക്കിയും അധികമായി നൽകിയ ജി.എസ്.ടി. തുക 25370 രൂപ ഈടാക്കിയും വിവരമറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം -ഈടാക്കൽ,ഒടുക്ക് വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർകസ് |
|---|---|---|---|---|
| 16 | 86500/- | 86500/- | ഇല്ല | |

(*) 01.4.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

**മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റെഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയതുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കിനിൽക്കുന്നതുക | റിമാർക്സ് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

**മെഡിസെപ് പ്രീമിയം ഒടുക്ക് 01.07.2024 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയതുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കിനിൽക്കുന്നതുക | റിമാർകസ് |
|---|---|---|---|---|
| 1 | 5500/- | 5500/- | ഇല്ല | 23.11.2024നു ജോലിയിൽ നിന്നും വിടുതൽ ചെയ്തു |

**മെഡിസെപ് പ്രീമിയം ഒടുക്ക് ( 1.08.2024മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റെഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയതുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കിനിൽക്കുന്നതുക | റിമാർകസ് |
|---|---|---|---|---|
| 1 | 2500/- | 2500/- | ഇല്ല | LWA FROM 11.04.2024 TO 10.07.2025 |

### 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 2024-25 | 10.06.2025 | 15.07.2025 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2024-25 വർഷം സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | 875000/- | ലൈഫ് ഭവന നിർമ്മാണം - ജനറൽ (78/25) | 875000/- | 0 |
| | 70,000/- | ലൈഫ് ഭവന നിർമ്മാണം - പട്ടികവർഗ്ഗം (104/25) | 70,000/- | 0 |
| | 1000000/- | മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ കോട്ടയം ജില്ലാ പഞ്ചായത്ത് കിടങ്ങൂർ ഡിവിഷനിൽപ്പെട്ട ഭാഗത്ത് മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ(203/25) | 1000000/- | 0 |
| | 160000/- | ലൈഫ് ഭവന നിർമ്മാണം - പട്ടികജാതി (101/25) | 160000/- | 0 |
| | 470979/- | ബിഷപ്പ് ഡോ.സെബാസ്റ്റ്യൻ വയലിൽ റോഡ് സംരക്ഷണഭിത്തി നിർമ്മാണം(179/25) | 490979/- | 0 |
| | 97624/- | അനുപൂരക പോഷകാഹാര പദ്ധതി (20/25) | 97624/- | 0 |
| | 100,000/- | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (21/25) | 100,000/- | 0 |
| | 400000 | പാലിയേറ്റീവ് പരിചരണം (85/25) | 400000 | 0 |
| **ആകെ** | **3173603/-** | **ജില്ല പഞ്ചായത്ത് വിഹിതം** | **3173603/-** | **0** |
| ളാലം ബ്ലോക്ക് പഞ്ചായത്ത് | 829000/- | ലൈഫ് പദ്ധതി ഭവന നിർമ്മാണം - ജനറൽ (78/25) | 829000/- | 0 |
| | 336918/- | ലൈഫ് ഭവന നിർമ്മാണം - പട്ടികജാതി (101/25) | 336918/- | 0 |
| | 50000/- | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (21/25) | 50000/- | 0 |
| | 500000/- | പച്ചാത്തോട് വലിയകൊട്ടാരം മുത്തോലി കപ്പിലുമാംകുന്നു റോഡുകളുടെ പുനരുദ്ധാരണം(41/25) | 500000/- | 0 |

| | | | | |
|---|---|---|---|---|
| | 23844/- | വിളക്കുമാടം മേടയ്ക്കൽ റോഡ് പുനരുദ്ധാരണം (162/25) | 23844/- | 0 |
| | 178000/- | ലൈഫ് ഭവന നിർമ്മാണം - പട്ടികവർഗ്ഗം (104/25) | 178000/- | 0 |
| | 523872/- | മീനച്ചിൽ തോടിനു വള്ളോങ്കയം ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മാണം(217/25) | 523872/- | 0 |
| | 133240/- | പാലിയേറ്റീവ് പരിചരണം (85/25) | 133240/- | 0 |
| **ആകെ** | **2574874/-** | **ബ്ലോക്ക് പഞ്ചായത്ത് വിഹിതം** | **2574874/-** | **0** |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂറുകളൊന്നും നൽകിയിട്ടില്ല.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ്

മീനച്ചിൽ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 2024-25 സാമ്പത്തിക വർഷം കൺവീനർ പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്

KURDFC യിൽ നിന്നുള്ള ലൈഫ് ഭവന പദ്ധതി , മീനച്ചിൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നുള്ള മീനച്ചിൽ ഭവന പദ്ധതി എന്നീ രണ്ട് വായ്പകൾ പഞ്ചായത്തിൽ നിലവിലുണ്ട്. നിലവിലുള്ള വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജി.ഒ. (എം.എസ്) 68/2018/LSGD തീ-18.05.2018 ജി.ഒ. (എം.എസ്) 100/2018/LSGD, തീ-30.07.2018 | 7961282 | 9376847 | 1539549 | - | 15798580 |
| മീനച്ചിൽ ഭവന പദ്ധതി | ജി.ഒ. (എം.എസ്.) 83/2013/LSGD തീ-11.03.2013 | 440000 | ഇല്ല | 440000 | - | 0 |

## 4-7 സ്ഥിരനിക്ഷേപങ്ങൾ

2024-25 വർഷം സ്ഥാപനത്തിലെ സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 30,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | 2,47,500 |
| ആകെ | 32,47,500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 32,47,500 |

സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥിര നിക്ഷേപ അക്കൗണ്ട് നം. | നിക്ഷേപിച്ച തീയതി | തുക (രൂപ) | ബാങ്ക്/ ട്രഷറി |
|---|---|---|---|
| 0120000042179 | 01.11.2024 | 32,47,500 | പൂവരണി സർവ്വീസ് |

| | | | |
|---|---|---|---|
| | | | സഹകരണ ബാങ്ക് |

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് നം. | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2022-23 | 1-22 | 2090/- | ജോസഫ് മൈക്കിൾ, ഹെവിയ ക്രംമ്പ് റബർ പ്രൈവറ്റ് ലിമിറ്റഡ് | 1240800377തീയതി :03.06.2024 |
| 2023-24 | 1-17 | 8000/- | മാനേജർ മത്സ്യഫെഡ് പൈക | 1240802417 തീയതി 27.01.2025 |
| 2023-24 | 1-31 | 39489/- | JPC,ജലനിധി | 1240802415 തീയതി 27.01.2025 |
| | ആകെ | 49579/- | | |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ (Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-4 | 2016-17 | അനുബന്ധം-3 | വസ്തു നികുതി അപാകതകൾ | നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | 2-5, 2-6 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | ” |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | ” |

## 4-10 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പടെ (റസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 61843365.53/- |
| ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | : | 127159071.00/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | | 49580964.00/- |
| ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 123921490.00/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 44,067/- |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 23,09,158 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 18697/- | ശ്രീമതി ഹരിലക്ഷ്മി. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 25370 /- | ശ്രീമതി ഹരിലക്ഷ്മി. എസ് അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | - | **44,067/-** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 41,856 | ശ്രീ. ബിജോ പി ജോസഫ്, സെക്രട്ടറി |
| 1-26 | 6,79,296 | ശ്രീമതി ഹരിലക്ഷ്മി. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-27 | 4,76,855 | ശ്രീമതി ഹരിലക്ഷ്മി. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-28 | 42,516 | ശ്രീമതി ഹരിലക്ഷ്മി. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 9,26,000 | ശ്രീമതി ഹരിലക്ഷ്മി. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-34 | 6,333 | ശ്രീ. സതീഷ് കെ. കെ., വി.ഇ.ഒ., പൂവരണി സർക്കിൾ |
| 1-35 | 4,554 | ശ്രീമതി പൗളിൻ ജോസഫ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-36 | 1,31,748 | ശ്രീമതി. ഹഫ്സ മുഹമ്മദ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 23,09,158 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | നിലവിലെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഹരിലക്ഷ്മി എസ് | അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ശ്രീമതി ഹരിലക്ഷ്മി. എസ്, കോയിക്കൽ, പടിട്ടത്തിൽ, മൈനാഗപ്പള്ളി, കൊല്ലം- 690519 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/06/2025 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | അവശേഷിക്കുന്ന ഖണ്ഡികകളുടെ |
|---|---|---|

| | | |
|---|---|---|
| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | എണ്ണം |
| 1997-98 (ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി7-1417/2015/16.04.2016 | 1 |
| 1998-99 (വരവ്) | എൽ.എഫ്.കെ.പി7-142/2003/15.03.2005/05.04.2005 | 3 |
| 1999-02 (Plan) | എൽ.എഫ്.കെ.പി7-671/2003/24.11.2004/08.12.2004 | 10 |
| 2001-02 | എൽ.എഫ്.കെ.പി5-1094/2007/03.07.2009 | 1 |
| 2002-03 (ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി7/ അദാ-2018/219(4)/2018 /06.03.2018 | 1 |
| 2002-03 (വരവ്) | എൽ.എഫ്.കെ.പി1-190/ADL/E6/2011 | 1 |
| 2003-04 | കെ.എസ്.എ.-കെ.ടി.എം-പി7(അദാ-2022)/1804(1)/2022 /20.08.2022 | 1 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി7/953/2022/10.08.2022 | 3 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി7-285/2016/10.05.2016 | - |
| 2010-11 & 2011-12 | കെ.എസ്.എ.-കെ.ടി.എം.പി7/1247/2022 /12.08.2022 | 1 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി7/1335/2022 /12.08.2022 | 6 |
| 2013-14 & 2014-15 | കെ.എസ്.എ.-കെ.ടി.എം.പി7/1336/2022 /12.08.2022 | 8 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി7(അദാ-2022)/1804(3)/2022 /20.08.2022 | 7 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി7/140/19(14)2022 /09.07.2020 | 9 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി7(അദാ-2022)/1804(4)/2022 /20.08.2022 | 10 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി7/1140/2022 /12.08.2022 | 5 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി7/507/2021 /09.06.2022 | 17 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി7/2339/2022 /10.05.2023 | 19 |
| 2021-22 | കെ.എസ്.എ.-കെ.ടി.എം.പി7-863/2022/ 12.07.2023 | 16 |
| 2022-23 | കെ.എസ്.എ.-കെ.ടി.എം.പി7/972/24/ 28.01.2024 | 31 |
| 2023-24 | കെ.എസ്.എ.-കെ.ടി.എം.പി7/1880/2024 22.02.2025 | 29 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 20-05-2025 and submitted on 10-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Meenachil Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Meenachil Grama Panchayat as on 31-03-2025

**Date: 27/09/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Meenachil Grama Panchayat for the Year 2024-2025.

### 1.Major Observations

1. Documents for verification of accuracy of Panchayath General Fund not provided.
2. Non Disclosure of Capital Contribution-Capital contribution opening balance details as on 01/04/2024 has not provided by authorised register or document.
3. Valuation process of assets as per instructions in G.O(Ms) 152/2011 dated 26.07.2011 not yet completed and asset register not updated.

### 2.Other Observations

1. Contingent Expenses and Honourarium of Elected Representatives which became due upto 31/03/2025 has not been accounted as payable during 2024-25.
2. Government/Other dues register not maintained properly to substantiate AFS.
3. The schedules B5 Secured Loans and B16 Prepaid Expenses in the Balance Sheet does not match.
4. The register showing the details of Capital Work in Progress is not kept.
5. NREGA- Receipt and Payment not accounted properly.
6. An amount of Rs. 677437 accounted as liability in the B4 schedule (Contribution for joint venture projects). But the same account (joint venture account) actually have only zero balance.
7. The redemption amount from Joint Venture account for the year 2021-22 has not been adjusted.

Deputy Director
District Office Kottayam
Kerala State Audit Departmet

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്